2016
ഏപ്രിൽ

Pages 08
Vol: 7
Issue No.4

# ക്രിസ്തീയ ദർശനം

CHRISTHEEYA DARSANAM

സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

Published From Vadasserikara
Reg. No. KERBIL/2008/26466
Postal Reg. No.
KLPTA/89/2014-2016

ഒറ്റ പ്രതി: ₹10


## ലക്ഷ്യം ഉന്നതമാകണം: സജി മാത്യു



പുത്തൻകാവിൽ നടന്ന ടീൻസ് ക്യാമ്പിന്റെ സമാപനസമ്മേളനത്തിൽ ബ്രദർ സജി മാത്യു സന്ദേശം നൽകുന്നു. ബ്രദർ ജോയ് ജോൺ സമീപം

**പുത്തൻകാവ്:** പുതുതലമുറ ഉന്നതലക്ഷ്യങ്ങളോടെ പ്രവർത്തിക്കണം. വൈകല്യങ്ങളും പ്രതിസന്ധികളും അതിന് തടസ്സമാകരുത്. നിരാശപ്പെട്ട് തളർന്നു പോകാനുള്ളതല്ല ജീവിതം. വിജയം നേടി അഭിമാനിക്കാനുള്ളതാണ്. ദൈവമക്കൾക്ക് വിജയത്തിനുള്ള സാധ്യത കൂടുതലാണ്. സർവ്വശക്തന്റെ സഹായവും അതിനായി ലഭിക്കും. ബ്രദർ സജി മാത്യു ഓർമ്മിപ്പിച്ചു.

പുത്തൻകാവ് എസ് ബിഎസ് ക്യാമ്പ് സെന്ററിൽ സമാപിച്ച ടീൻസ് ക്യാമ്പിൽ സമാപനസന്ദേശം നൽകുകയായിരുന്നു സജി മാത്യു.

വടക്കേ ഇന്ത്യൻ ഗ്രാമത്തിൽ ജനിച്ചു വളർന്ന സജി ഉന്നതനിലവാരത്തിലെത്തുവാനുള്ള ശ്രമത്തിലാണ് സോഫ്റ്റവയർ എൻജിനീയർ ആയത്.

ഉയർന്ന ശമ്പളവും സൗകര്യങ്ങളും വെച്ചുനീട്ടി വിദേശകമ്പനി തന്നെ ക്ഷണിച്ചു. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ എത്തിയപ്പോൾ ആ ഞെട്ടിക്കുന്ന അനുഭവം തനിക്കുണ്ടായി. കാഴ്ച മങ്ങുന്നു. രണ്ടു കണ്ണും അന്ധതയിലായി. ദൈവത്തെയോ വിധിയേയോ മാതാപിതാക്കളെയോ സാഹചര്യത്തെയോ ഭാവിയേയോ സജി പഴിച്ചില്ല.

വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടാനും തയ്യാറായില്ല. പ്രാർത്ഥനയിലൂടെ ആർജിച്ചെടുത്ത ശക്തിയും ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ആശ്രയവും തന്നെപ്രതിസന്ധികൾ തരണം ചെയ്യാൻ സഹായിച്ചു. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മാനേജിംഗ് ജനറലാണ് ഇന്ന് സഹോദരൻ.

ഏപ്രിൽ 4 തിങ്കൾ വൈകുന്നേരം ബ്രദർ സി.എം.ദാനിയേൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എസ്.ബി.എസ് വൈസ് പ്രസിഡന്റ് ഏബ്രഹാം തോമസ് പുല്ലാട് അദ്ധ്യക്ഷനായിരുന്നു. ബ്രദർ ബിനോദ് മത്തായി മുഖ്യപ്രഭാഷണം നടത്തി. സാം മാത്യു, പി. സാംസൺ, ഗോഡ്ലി കെ. രാജു എന്നിവർ ആശംസകൾ അർപ്പിച്ചു. 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നാനൂറിലധികം വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു. ചില കുഞ്ഞുങ്ങൾ രക്ഷകനെ കണ്ടെത്തി. നൂറിലധികം പേർ സ്നാനത്തിനായി സാക്ഷ്യം പറഞ്ഞു.

പ്രായോഗീക ജീവിതവും ഉപദേശസത്യങ്ങളും അടങ്ങുന്ന പ്രത്യേക പാഠ്യപദ്ധതി ടീൻസ് ക്യാമ്പിനു വേണ്ടി തയ്യാറാക്കിയിട്ടുണ്ട്. ബ്രദറൺ സമൂഹത്തിലെ പ്രഗത്ഭരായ 24 പേർ ക്യാമ്പിൽ വചനം പങ്കുവച്ചു.സമാപനസമ്മേളനത്തിൽ പ്രസിഡന്റ് ഏബ്രഹാം തോമസ് അദ്ധ്യക്ഷത വഹിച്ചു. ബ്രദർ സജി മാത്യു സന്ദേശം നൽകി. ജോയി ജോൺ, ജോണി തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ബ്രദർ ബിനു സാമുവേൽ കൃതജ്ഞത പ്രകാശിച്ചു. ബ്രദർ ജോൺസൻ സി ഫിലിപ്പിന്റെ പ്രാർത്ഥനയോടെ ടീൻസ് ക്യാമ്പ് അനുഗ്രഹകരമായി സമാപിച്ചു.

## ഗുരുവിനെ വെളിപ്പെടുത്തുക: ജോയ് ജോൺ




ബി.റ്റി.സി. ബിരുദദാനസമ്മേളനത്തിൽ ബ്രദർ ജോയ് ജോൺ മുഖ്യസന്ദേശം നല്കുന്നു. പ്രൊഫ. ജേക്കബ് തോമസ്, ബിജു മാത്യു, എ. സി. തോമസ് എന്നിവർ സമീപം

**കല്ലിശ്ശേരി:** മൂന്നര വർഷങ്ങൾ വിശ്വഗുരുവായ യേശുവിനൊപ്പം സഞ്ചരിച്ച ശിഷ്യന്മാർ പിൽക്കാലത്ത് ആ ഗുരുവിനെ പരിചയപ്പെടുത്തുന്നവരായി. കർത്താവിന്റെ ദാസന്മാർ തങ്ങളുടെ യജമാനനും ഗുരുവുമായവനെ വെളിപ്പെടുത്തുന്നവരായി മാറണം. ബ്രദർ ജോയ് ജോൺ പ്രസ്ഥാവിച്ചു. കല്ലിശ്ശേരി ബി.ബി.സി ഓഡിറ്റോറിയത്തിൽ ബ്രദറൺ തിയോളജിക്കൽ കോളേജിന്റെ രണ്ടാമത് ഗ്രാജുവേഷൻ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പ്രൊഫ. ജേക്കബ് തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ബിരുദദാനസമ്മേളനത്തിൽ ബ്രദർ എ.സി. തോമസ് റിപ്പോർട്ട് അവതരിപ്പിച്ചു. പഠനം പൂർത്തിയാക്കിയ ഏഴ് വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പൾ ബിജു മാത്യു സർട്ടിഫിക്കേറ്റ് സമ്മാനിച്ചു. ബ്രദർ കെ. തോമസ് ബേബി വിദ്യാർത്ഥികളെ ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു. സാമുവേൽ റ്റി. ഫിലിപ്പ്, പി.എസ്. ഫിലിപ്പ്, ഫിലിപ്പ് ഏബ്രഹാം തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. കല്ലിശ്ശേരി സഭകളും അനേക സഹോദരിസഹോദരന്മാരും പങ്കെടുത്തു. പഠനം പൂർത്തിയാക്കി വയലിലേക്ക് യാത്രയായ സഹോദരന്മാരിലൂടെ വലിയകാര്യങ്ങൾ നടക്കുവാൻ പ്രാർത്ഥിക്കാം. ബി.റ്റി.സിയുടെ പുതിയ ബാച്ച് ജൂൺ മദ്ധ്യത്തിൽ ആരംഭിക്കും. **ഫോൺ 9947193528**

## കീർത്തനസന്ധ്യ പുത്തൻ അനുഭവമായി




**ലൈഫ് ഈസ് വണ്ടർഫുൾ:** മൈലപ്രയിൽ നടന്ന കീർത്തന സന്ധ്യ ബ്രദർ ജെയിംസ് വർഗീസ് ഉദ്ഘാടനം ചെയ്യുന്നു. അവതാരകൻ ജോർജ്ജ് കോശി സമീപം

**മൈലപ്ര:** ലൈഫ് ഈസ് വണ്ടർഫുൾ തലക്കെട്ടിൽ ബ്രദറൺ യുവാക്കൾ മൈലപ്രയിൽ സംഘടിപ്പിച്ച കീർത്തനസന്ധ്യയിൽ വലിയ ജനാവലി പങ്കെടുത്തു. നിരവധി പേർ രക്ഷകനെ സ്വീകരിക്കുന്ന രംഗത്തിനും സാക്ഷികളായി.

ഏപ്രിൽ 17 ഞായർ വൈകുന്നേരം 6 മുതൽ 9 വരെ നടന്ന ഗാനവിരുന്നും വചനചിന്തകളും സംസ്ഥാന പ്രിൻസിപ്പൽ സെക്രട്ടറി ബ്രദർ ജയിംസ് വർഗീസ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു.

അതികഠിന ചൂടിന് ശമനം നൽകി പ്രകൃതിയുടെ നാഥൻ ചാറ്റൽ മഴ സമ്മാനിച്ചത് തുടർ ശുശ്രൂഷയ്ക്ക് അനുഗ്രഹമായി. മൈലപ്രാ ഗ്രാമത്തിനും സമീപപ്രദേശങ്ങൾക്കും

➡6

## ബ്രദറൺകാർ ദുരുപദേശക്കൂട്ടമോ? പിശാചിനാൽ നയിക്കപ്പെടുന്നവരോ?

**റാന്നി:** ബ്രദറൺ സമൂഹത്തെയും അവർ കണ്ടെത്തിയ ഉപദേശരൂപങ്ങളെയും അടച്ച് ആക്ഷേപിച്ച് പെന്തക്കോസ്ത് ഉപദേശപ്രചാരകൻ ഷിബു പീഡിയേക്കൽ ബ്ലസ് റാന്നി ക്രൂസേഡിൽ നടത്തിയ പ്രസംഗം സോഷ്യൽ മീഡിയയിലൂടെ ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തിൽ പ്രചരിപ്പിക്കപ്പെടുന്നു.

ഊതി വീഴ്ത്തലും ഉന്തി വീഴ്ത്തലും വിശുദ്ധ കുരയും വിശുദ്ധ ഛർദ്ദിയും കള്ള പ്രവചനവും കൃപാവരങ്ങൾ സംബന്ധിച്ച് അഭിപ്രായ ഐക്യമില്ലായ്മയും കൊണ്ട് വിഷലിപ്തമായിരിക്കുന്ന ഒരു സമൂഹത്തിൽ നിന്നും ബ്രദറൺ സമൂഹം നേരിട്ട ഈ പ്രതിസന്ധി ബ്രദറൺകാരുടെ മദ്ധ്യേ സജീവ ചർച്ചയ്ക്ക് വിധേയമായിരിക്കുന്നു.

നാം കണ്ടെത്തുകയും വിശ്വസിക്കയും ചെയ്തിട്ടുള്ള ഉപദേശസത്യങ്ങൾ ശരിയോ എന്ന് തിരുവചനനാടിസ്ഥാനത്തിൽ പരിശോധിക്കുവാനും അവ ഹൃദയങ്ങളിൽ ഉറപ്പിക്കുവാനും മഹാകവി കെ.വി. സൈമൺ തുടങ്ങി പ്രഗത്ഭ വേദപണ്ഡിതന്മാർ തെളിച്ചു തന്ന ഉപദേശപാത സത്യവഴിയാണെന്ന് തിരിച്ചറിയുവാനും റാന്നി ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പ് ഒരു മഹാസംഗമം ഒരുക്കുന്നു. റാന്നി ബ്രദറൺ ഓഡിറ്റോറിയത്തിൽ ഏപ്രിൽ 24 ഞായർ 4 മുതൽ 7 വരെ നടക്കുന്ന വിശേഷാൽ സമ്മേളനത്തിൽ ബി.ജി.എഫ് പ്രസിഡന്റ് ബ്രദർ സി. റ്റി. ജോണിക്കുട്ടി അദ്ധ്യക്ഷത വഹിക്കും. ഡോ.ഒ.എം. സാമുവേൽ, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കുര്യൻ, കെ.എ.ഫിലിപ്പ്, ഡോ. കെ.സി. ജോൺസൺ, കുഞ്ഞുമോൻ തോട്ടപ്പള്ളി എന്നിവരും ബ്രദറൺ സമൂഹത്തിലെ പ്രഗത്ഭവചനപ്രഘോഷകരും സംസാരിക്കും.

➡7


### 100 രൂപ മാത്രം നൽകി ക്രിസ്തീയദർശനം തുടർന്നും വായിക്കുക

നിങ്ങൾ തീരുമാനിക്കു. ഇത്തവണയും പരിശോധിക്കു.
മാസിക മെച്ചമല്ലേ? വേറിട്ട വായനാ ശൈലി സമ്മാനിക്കുന്ന,
ആത്മീയ പരിപോഷണം നൽകുന്ന ക്രിസ്തീയ ദർശനത്തിന്
പ്രാർത്ഥനയും പിന്തുണയും പ്രോത്സാഹനവും അനിവാര്യം.
വാർഷിക വരിസംഖ്യ 100 രൂപയും കുടിശ്ശിഖയും
ചേർത്ത് ഇന്നു തന്നെ അയച്ചാലും
**Nino Thomas, Kalloth River View**
**Vadaserikara P.O. 689662**
വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അറിയിച്ചാലും - **പത്രാധിപർ**

## എഡിറ്റോറിയൽ

# പരിശോധനകളിലെ ദൈവസാന്നിദ്ധ്യം

**മൂ**ന്നുമാസവും തറയിൽ വിരിച്ച പുൽപ്പായയിൽ കിടന്ന് ആ അമ്മ ഉറങ്ങി. വിധവയായ അമ്മയുടെ ഏക മകൻ അകാരണമായി ജയിലിൽ കിടന്ന മൂന്നുമാസം. കട്ടിലിൽ കിടക്കാൻ ലഭിച്ച ഉപദേശവും നിർദ്ദേശവും ആ അമ്മ ചെവിക്കൊണ്ടില്ല. എന്റെ കുഞ്ഞ് തണുത്ത് വിറച്ച് ഒരു പുതപ്പുപോലും ഇല്ലാതെ സിമിന്റു തറയിൽ കിടക്കയല്ലേ? പിന്നെ ഞാൻ എങ്ങനെ? മകൻ പട്ടണത്തിലെ ജയിലിലും അമ്മ ഗ്രാമത്തിലെ ഭവന ജയിലിലും.

കവിളൊട്ടിയും കണ്ണിന്റെ ശോഭ മങ്ങിയും ക്ഷീണിച്ചും കണ്ട പിതാവ് ആ രഹസ്യം പറഞ്ഞു. മോൾ ഇപ്പം വീട്ടിലാ. അവളുടെ അസുഖം ഞങ്ങളുടെ ജീവിതചക്രത്തിന്റെ ഗതി മാറ്റി. ക്രിയാറ്റിൻ വളരെ കൂടുതൽ. പല ആഹാരങ്ങളും അവൾക്ക് കഴിക്കാൻ പറ്റില്ല. ഭക്ഷണമേശയും അടുക്കളയും മോളുടെ ഇഷ്ടങ്ങളിലേക്കു മാറി. എന്റെ ആരോഗ്യവും ഭക്ഷണവും ഒരു രോഗിയുടെ നിലയിലായി. മകൾ വിളറിവെളുത്തു. അപ്പനും അമ്മയും അതുപോലെ ഒക്കെയായി.

അങ്ങ് ദൂരെ ഇരിക്കുന്നു എന്ന് നാം കരുതുന്ന ദൈവം പരിശോധനാ രംഗങ്ങളിൽ എന്തുചെയ്യുന്നു? ചിലപ്പോൾ നിശബ്ദനെന്നും ഉറങ്ങുന്നെന്നും മുഖം മറച്ചെന്നും ഒക്കെ നാം കരുതിയേക്കാം. അതാണോ ശരി? ജയിലിൽ കിടന്ന മകൻ അറിഞ്ഞില്ല അമ്മ പുൽപ്പായയിൽ തണുത്തുവിറച്ചു തറയിൽ കിടന്ന മൂന്നു മാസം. വറുത്തതും പൊരിച്ചതും ഒഴിവാക്കി, ഇറച്ചിയും മീനും വേണ്ട എന്നുവച്ച്, പയറും തൈരും മോൾക്ക് കഴിക്കാൻ പാടില്ല എന്ന് അറിഞ്ഞ് പഥ്യം പാലിച്ച പിതൃഹൃദയവും മാതൃഹൃദയവും മകൾ ഇനിയും കണ്ടെത്തിയില്ലായിരിക്കാം. പക്ഷേ, അവർ ഒപ്പം ഉണർന്നിരിക്കുന്നു.

ദൈവം ഏറ്റവും വെറുക്കുന്ന വിഗ്രഹാരാധനയ്ക്കെതിരേ ദൈവഹൃദയവുമായി സഞ്ചരിച്ച പ്രവാചകനാണ് ഏലിയാവ്. കൊലപാതകത്തിന് എതിരാണ് ദൈവമെങ്കിലും ദൈവത്തിനുവേണ്ടി എണ്ണൂറ്റമ്പത് പേരെ കൊന്ന് ദൈവപ്രസാദം നേടിയ ദൈവമനുഷ്യൻ. ആകാശത്തിന്റെ കിളിവാതിൽ അടച്ചുപിടിച്ച് മഴ പെയ്യിക്കാതിരുന്ന അതേ ആകാശത്തിൽ ദ്വാരം സൃഷ്ടിച്ച് അഗ്നിയിറക്കിയ, താൻ ദൈവഭൃത്യനെന്ന് മുഴു ഇസ്രായേലിനും മുന്നിൽ അത്ഭുതങ്ങളോടെ സാക്ഷ്യം നേടിയ ഗിലയാദുകാരൻ.

കഠിനപരിശോധനയുടെ മരുഭൂമിയിലൂടെ എല്ലാറ്റിനെയും നിഷ്പ്രഭമാക്കുന്ന സൂര്യപ്രഹരമേറ്റ് ഒരു കാൽനടയാത്ര. ആഹാബ് രാജാവും രാജ്ഞിയും ഭരണസംവിധാനങ്ങളും തനിക്കെതിരാണ്. ഇപ്പോൾ ഏലിയാവിന് ഏറെ പ്രിയപ്പെട്ടത് മരണം മാത്രമാണ്. കെരീത്ത് തോട്ടിന്റെ കരയിലെ സമൃദ്ധ കുറ്റിക്കാടുകൾ നൽകിയ സുഖശീതളിമയേക്കാൾ ഇലകൾ കൊഴിഞ്ഞും വരണ്ടും ഉണങ്ങിയും നിൽക്കുന്ന ചൂരച്ചെടിയുടെ തണൽ ആശ്വാസമാകുന്ന അനുഭവം.

മനസ് തളർന്നു. കൈകാലുകളും. വിറയാർന്ന ശരീരത്തോടെ ചുട്ടുപൊള്ളുന്ന മണലിൽ കിടന്നതും ഉറക്കം അതിഥിയായി എത്തിയതും അതേ നിമിഷാർദ്ധത്തിൽ. ദാസൻ സുഖമായി ഉറങ്ങുന്നു. യജമാനൻ വിചാരപ്പെടലോടെ ഉണർന്നിരിക്കുന്നു. ഉറങ്ങാത്ത, ഉറക്കം വരാത്ത ദൈവം അനുസരണയുള്ള ദാസന്റെ മനസിന്റെ താപവും ശരീരോഷ്മാവും ഹൃദയസ്പന്ദനവും അളന്നു.

സ്വർഗ്ഗത്തിലുമുണ്ട് അപ്പക്കല്ല്. അവിടെയുമുണ്ട് മന്നപൊടിക്കുന്ന പൊടിയന്ത്രം. അവിടെയുണ്ട് എണ്ണഭരണി. ശുദ്ധജലമൊഴുകുന്ന നദിയുമുണ്ട്. തുരുത്തിയും ഉണ്ട്. രാപ്പകൽ അനുസരണത്തിനായി ചെവി കൂർപ്പിച്ചിരിക്കുന്ന ദൂതവൃന്ദവും സ്വർഗ്ഗത്തിന്റെ സൗന്ദര്യമാണ്. ഫലമോ?

ഒരു തുരുത്തി വെള്ളവും കനലിന്മേൽ ചുട്ട ഒരു അടയും എടുത്ത് ദൂതൻ ബേർശേബാ മരുഭൂമിയുടെ അതിരും കടന്ന് ഏലിയാവിന്റെ സമീപമെത്തി. അവനെ തട്ടിയുണർത്തി. ലോകം മുഴുവനും എതിരേ നിൽക്കുമ്പോഴും ആശ്വാസത്തിന്റെ സഹായഹസ്തവുമായി എത്തുന്ന ദൈവം. ചൂട് അപ്പത്തിലൂടെയും നിർമ്മല വെള്ളത്തിലൂടെയും ഏലിയാവ് കണ്ടു. ദൈവത്തെ. പിന്നീടുള്ള ഉറക്കം വലിയ ആശ്വാസത്തിന്റേതായിരുന്നു.

ഏഴുഭൂതങ്ങളുടെ കൂട്ടായ്മയിലായിരുന്നു മഗ്ദലക്കാരി മറിയ. അവളുടെ മനസ്സിന്റെയും ശരീരത്തിന്റെയും നിയന്ത്രണം അവരുടെ കൈകളിലായിരുന്നു. ഭർത്താവിൽനിന്നും മക്കളിൽ നിന്നുംഭൂതബാധ അവളെ അകലത്തിലാക്കി. നാട്ടിൽനിന്നും പുറത്തുപോകേണ്ടിവന്നവൾ. അപമാനത്തിനും അവഗണനയ്ക്കും ഏല്പ്പിച്ചുകൊടുത്തവൾ. കൈവിടപ്പെട്ട പട്ടം പോലെ കുപ്പുകുത്തി അവൾ വീണു.

പക്ഷേ യേശു. ഇന്നലകളെയും നാളെകളെയും ഇന്നാക്കി നിർത്തുന്നവൻ. മറിയയിലെ നന്മ കണ്ടെത്തി. ആഴമായ ലക്ഷ്യം മനസിലാക്കി. സ്ത്രീജന്മത്തിന്റെ പവിത്രത നിലനിർത്താൻ ആഗ്രഹിച്ചു. ഫലമോ? ആദ്യസുവിശേഷ പ്രഘോഷക എന്ന അതുല്യാനുഭവത്തിലേക്ക് അവൾ ആനയിക്കപ്പെട്ടു. വചനചരിത്രം മുഴുവനും പരിശോധനകളിൽ നൽകുന്ന ദൈവസാന്നിദ്ധ്യത്തിന്റെ ഉദാത്ത തെളിവുകളാണ്. ഇയ്യോബും ദാനിയേലും യാക്കോബും യോസഫും ചെറിയ അടയാളങ്ങൾ മാത്രം.

പരിശോധനകളിൽ ആരും ക്ഷീണിക്കരുത്. പൊന്നാണ് തീയിലൂടെ കടന്നുപോകുന്നത്. കീടങ്ങളെല്ലാം നീക്കി ശുദ്ധിയോടും തേജസ്സോടും കൂടി അത് പുറത്തുവരും. കൂടുതൽ വിലയുള്ളതായും മാറും. ഓരോ സ്വർണ്ണമണിയും തീയിലേക്ക് തള്ളിയിടുമ്പോഴും ആശ്വാസം ഒന്നേയുള്ളു. തട്ടാൻ അരികിലുണ്ട്.

ഉത്സാഹം കൊണ്ടും സ്നേഹം കണ്ടും തനിമ തെളിയിച്ച ഇരുപത്തിനാലുകാരൻ സോഫ്റ്റവെയർ എൻജിനീയർ. ബ്രഹത്തായ സൗഹൃദകൂട്ടായ്മയിലെ അതുല്യ വ്യക്തിത്വം. പെട്ടെന്നൊരു നാൾ എല്ലാവരെയും സങ്കടക്കടലിൽ തള്ളിയിട്ട ആ വാർത്ത പരന്നു.

യുവ സുഹൃത്തിന് ക്യാൻസർ. സന്ദർശകരിൽ നിന്നൊഴിഞ്ഞ് ടെലിഫോൺ സംഭാഷണം പോലും പരിമിതപ്പെടുത്തി ഉൾവലിഞ്ഞ ജീവിതം. അടുത്തറിഞ്ഞവരുടെ നിർബന്ധത്തിന് വഴങ്ങി ജോലിക്ക് വരാമെന്നായി. മുടിയെല്ലാം കൊഴിഞ്ഞു ആദ്യ കീമോതെറാപ്പിയിൽ തന്നെ. കണ്ണാടിയിൽ നോക്കുവാൻ പോലും താൻ ഇഷ്ടപ്പെടാതെയായി.

രാവിലെ ജോലിക്കെത്തിയ താൻ അമ്പരന്നു പോയി. സഹപ്രവർത്തകർ മുഴവൻ തലമുണ്ഡനം ചെയ്തിരിക്കുന്നു. ആരാണ് രോഗി? ആരാണ് സുഖമുള്ളയാൾ? ആർക്കും തിരിച്ചറിയാനായില്ല. സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ അധികദിനങ്ങൾ തനിക്കുവേണ്ടി വന്നില്ല. പരിശോധനകളിലെ ദൈവസാന്നിദ്ധ്യം സ്നേഹിതരിലൂടെ അനുഭവിച്ചറിയുകയായിരുന്നു ആ ചെറുപ്പക്കാരൻ.

യേശുവിന് പകരം സ്വാന്തനമാകാൻ ക്രിസ്താനുഗാമികൾക്ക് ഒരു ക്ഷണവും നിയോഗവുമുണ്ട്. ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ വന്നു കണ്ടു. ഞാൻ വിശന്നു നിങ്ങൾ ആഹാരമായി. ഞാൻ നഗ്നനായിരുന്നു. നിങ്ങൾ എനിക്ക് ഉടുപ്പായി. പരിശോധനകളിലെ ദൈവസാന്നിദ്ധ്യം.

## ധ്യാനം



# ദൈവമുഖത്തിന് അഭിമുഖം

ബിനു സാമുവേൽ



ദൈവികസാന്നിദ്ധ്യത്തിൽ എപ്പോഴാണ് വസിക്കുക? പ്രാർത്ഥനാ സമയത്തും വേദപുസ്തക പാരായണ സമയത്തും മാത്രം വസിക്കേണ്ട ഒരു സ്ഥാനമാണോ ഇത്? എപ്പോഴും അവിടെ വസിക്കുക പ്രായോഗികമാണോ? ഈ ലോകത്തിൽ ജീവിക്കുമ്പോൾ തന്നെ ദൈവിക സാന്നിദ്ധ്യത്തിലും ജീവിക്കുവാൻ സാധിക്കുമോ? മരണശേഷം മാത്രം ചെന്നെത്തുന്ന ഒരു സ്ഥലമല്ലേ ദൈവസന്നിധി? ഇങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ വിശ്വാസികളുടെ ജീവിതത്തിൽ ഉയരാറുണ്ട്.

**ദൈ**വികസാന്നിദ്ധ്യത്തിൽ എപ്പോഴാണ് വസിക്കുക? പ്രാർത്ഥനാ സമയത്തും വേദപുസ്തക പാരായണ സമയത്തും മാത്രം വസി ക്കേണ്ട ഒരു സ്ഥാന മാണോ ഇത്? എപ്പോഴും അവിടെ വസി ക്കുക പ്രായോഗികമാണോ? ഈ ലോകത്തിൽ ജീവിക്കുമ്പോൾ തന്നെ ദൈവിക സാന്നിദ്ധ്യത്തി ലും ജീവിക്കുവാൻ സാധിക്കുമോ? മരണശേഷം മാത്രം ചെന്നെത്തു ന്ന ഒരു സ്ഥലമല്ലേ ദൈവ സന്നിധി? ഇങ്ങനെയുള്ള നിരവധി ചോദ്യങ്ങൾ വിശ്വാസികളുടെ ജീവിതത്തിൽ ഉയരാറുണ്ട്. മരണത്തിനു ശേഷമല്ല, ഈ ലോകത്തിൽ തന്നെ ദൈവസാന്നിദ്ധ്യത്തിൽ ജീവിക്കാം എന്ന് സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നു. ഒരു ദൈവഭക്തന് എപ്പോഴും ദൈവിക സാന്നിദ്ധ്യം അനുഭവിക്കാം. രാവിലും പകലിലും, രഹസ്യ ജീവിതത്തിലും പരസ്യ ജീവിതത്തിലും ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവി ക്കാം. ദൈവിക സാന്നിദ്ധ്യം ഇല്ലാത്ത ഒരു നിമിഷം പോലും തന്റെ ജീവിതത്തിൽ ഇല്ല എന്ന് ദാവീദ് പറയുന്നു. താൻ എപ്പോഴും യഹോവയെ തന്റെ മുമ്പിൽ വച്ചിരിക്കുന്നു. ഇവിടെ ഒരു കാര്യം കൂടി വ്യക്തമാക്കുന്നു, ദൈവിക സാന്നിദ്ധ്യത്തിൽ താൻ എപ്പോഴും ജീവിക്കാൻ ആഗ്രഹിക്കുന്നു. ദൈവിക സാന്നിദ്ധ്യത്തിൽ ജീവിക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടോ? ദാവീദിന്റെ വാക്കുകൾ ശ്രദ്ധിക്കുക. ദാവീദിന് മാത്രമല്ല ഏതൊരു ദൈവപൈതലിനും ഈ അനുഗ്രഹങ്ങൾ അനുഭവമാക്കാൻ കഴിയുന്ന താണ്.

**കുലുങ്ങിപ്പോകയില്ല** സങ്കീ. 16:8

ഒരു വിശ്വാസി ഈ ലോകജീവിത യാത്രയിൽ പതറിപ്പോകാതെ നില്ക്കണമെങ്കിൽ അവൻ ദൈവിക സാന്നിദ്ധ്യത്തിലായിരിക്കണം. സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നത് ഞാൻ കുലുങ്ങിപ്പോകയില്ല. ഏതെല്ലാം രംഗങ്ങളിലാണ് കുലുങ്ങിപ്പോകാത്തത്? അനർത്ഥങ്ങളുടെ മദ്ധ്യത്തിൽ കുലുങ്ങിപ്പോകയില്ല. (സങ്കീ.10:6) അനർത്ഥങ്ങൾ അവനെ മുക്കികളകയില്ല. വിശുദ്ധിയുടെ പാറയിൽ നിന്നും അവനെ വീഴ്ത്താൻ ആർക്കും കഴികയില്ല. (സങ്കീ.15:5) അവൻ ഒരുനാളും കുലുങ്ങിപ്പോകയില്ല. ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും അതിലെ വെള്ളം ഇരച്ചു കലങ്ങിയാലും അതിന്റെ കോപം കൊണ്ടു പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടു കയില്ല. ഒരു നദി ഉണ്ട്; അതിന്റെ തോടുകൾ ദൈവനഗരത്തെ അത്യു ന്നതന്റെ വിശുദ്ധനിവാസ ത്തെത്തന്നെ സന്തോഷിപ്പി ക്കുന്നു. ദൈവം അതിന്റെ മദ്ധ്യേ ഉണ്ട്. അത് കുലുങ്ങി പ്പാകയില്ല. ദൈവിക സാന്നിദ്ധ്യം ഉണ്ടെങ്കിൽ ഉറച്ചു നില്ക്കും.

**സന്തോഷം നൽകുന്നു** സങ്കീ.16:9

ദൈവികസാന്നിദ്ധ്യത്തിൽ മാത്രമേ സന്തോഷത്തിന്റെ പരിപൂർണത യുള്ളൂ. ഈ ലോകം നിരാശയി ലേക്കും നീറുന്ന അനുഭവങ്ങളിലേക്കും നമ്മെ തള്ളി വിടുമ്പോൾ ദൈവത്തിന്റെ സന്നിധിയിൽ ദൈവപൈതൽ സന്തോഷിക്കുന്നു. 'യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നു' (നെഹ.8:10) എന്നു രേഖപ്പെടുത്തിയിരിക്കുന്നതു പോലെ ബലത്തിൽ ജീവിക്കുവാൻ സാധിക്കും. പരിശോധനകളിലും ദൈവികസാന്നിദ്ധ്യം സന്തോഷം നൽകുന്നു. (യാക്കോ.1:2). ദൈവിക സാന്നിദ്ധ്യത്തിന്റെ പ്രായോഗിക ഫലം എന്നത് സന്തോഷം ആണ്. ദൈവിക സാന്നിദ്ധ്യം അനുഭവിക്കാൻ കഴിയാത്ത ഒരാളുടെ സന്തോഷം യാന്ത്രികമായിരിക്കും. യഥാർത്ഥ സന്തോഷം അനുഭവിക്കുവാൻ കഴിയുകയില്ല.

**സംരക്ഷണം നൽകുന്നു.** സങ്കീ.16;9

ദൈവിക സാന്നിദ്ധ്യത്തിന്റെ മറവിൽ ഒരു വിശ്വാസി സുരക്ഷിത നാണ്. കുതിരകളും രഥങ്ങളും അവന് വിഷയമല്ല. കാരണം അവനും ചുറ്റും അഗ്നിമയരഥങ്ങളുണ്ട്. സ്വർഗ്ഗീയ ദൂതഗണങ്ങ ളുടെ കാവൽ ഉണ്ട്. ശത്രുവിന് അവനെ തൊടുവാൻ കഴികയില്ല. അവൻ നിർഭയമായി വസിക്കും. ഇതു പോലെയുള്ള ഒരു സുരക്ഷി തസ്ഥാനം വേറെയില്ല.

**ഭാവിയെക്കുറിച്ച് ഭയമില്ല** സങ്കീ.16:10

മരണത്തിനപ്പുറമുള്ള ജീവിത ത്തെക്കുറിച്ചും അവൻ ഭയപ്പെ ടുന്നില്ല. മരണത്തിനപ്പുറമുള്ള ജീവിതം എവിടെയാണന്ന് അവന് ഉറപ്പുണ്ട്. അനേകർ ഭയത്തോടു കൂടെ ഭാവിയിലേക്ക് നോക്കുമ്പോ ൾ ഒരു വിശ്വാസി ഭാവിയെ നോക്കി പുഞ്ചിരിക്കുകയാണ്. ദൈവം തനിക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന നിത്യഭവനത്തിൽ അഥവാ കർത്താവ് വസിക്കുന്ന സ്ഥലത്ത് ആ ദൈവിക സാന്നിദ്ധ്യത്തിൽ അവൻ നിത്യകാലം വസിക്കുവാൻ പോകുകയാണ്.

പ്രിയ ദൈവപൈതലേ, കർത്താവിന്റെ സാന്നിദ്ധ്യം എപ്പോഴുംഎന്നാടു കൂടെയുണ്ട് എന്ന ചിന്തയിൽ ഓരോ നിമിഷവും ജീവിക്കാം. ദൈവം അതിന് സഹായിക്കട്ടെ.

ക്രിസ്തീയ ദർശനം CHRISTHEEYA DARSANAM
ചീഫ് എഡിറ്റർ **വർഗീസ് തോമസ്** 9447368463
പ്രസാധകൻ **രാജു കെ. തോമസ്** 9447074308
മാനേജിങ് എഡിറ്റർ **നിനോ കെ. തോമസ്** 9947744455
എഡിറ്റോറിയൽ ബോർഡ് **ജേക്കബ് സാം, എം. കെ. തോമസ്, ലിജോ വർഗീസ് പാലമറ്റം, ജോസഫ് മാത്യു, ജോസഫ് പുന്നൂസ്**, അഡ്വൈസറി ബോർഡ് **ജോർജ്ജ് പീറ്റർ പ്രൊഫ. മാത്യൂസ് ഏബ്രഹാം, സി. പി. അനിയൻ, ജോൺസൻ പി. സാം**

# കർത്തവ്യനിർവഹണം

ടോം ജോസ്

മനുഷ്യനുമായി ബന്ധപ്പെട്ടു ജീവിക്കേണ്ടിവരും. എന്തിനും ഒരു വിനിമയ മാധ്യമം ഉണ്ട്. സൗഹൃദത്തെ വിനിമയ മാധ്യമമാക്കിയാൽ ഇരുവർക്കും സംതൃപ്തിയുണ്ടാകും. മറിച്ച് പണമോ, അധികാരമോ, ബലപ്രയോഗമോ, ഭീഷണിയോ വിനിമയ മാധ്യമമാക്കുന്നെങ്കിൽ എപ്പോഴും സംഘർഷമാകും നിലനിൽക്കുക. മൈത്രി – സ്നേഹം – എല്ലാ പ്രശ്നത്തിനുള്ള ഒറ്റമൂലിയാണ്. സ്നേഹത്തിൽ വ്യാപരിക്കുന്നവർക്ക് സംതൃപ്തിയുടെ ചൂളംവിളിക്കാനും കഴിയും.



പലതരത്തിൽ സംതൃപ്തി കൈവരിക്കാം. സ്നേഹിക്കുന്നവനും സ്നേഹിക്കപ്പെടാനും കഴിയുമ്പോൾ സംതൃപ്തി ലഭിക്കുമെന്നതാണ് ഒരുവഴി.

കൊടുക്കൽ വാങ്ങൽ പ്രക്രിയയിൽ ഏർപ്പെടുമ്പോൾ സംതൃപ്തിയുണ്ടാകും.

അന്യരെ നന്മപ്രവൃത്തികൾക്കായി ചലിപ്പിക്കാൻ കഴിയുന്നതുവഴി സംതൃപ്തി കൈവരിക്കാം.

സംതൃപ്തി കൈവരിക്കാനുള്ള മറ്റൊരുവഴി ദാനധർമ്മങ്ങളാണ്. എല്ലാവരാലും അവഗണിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നവരെ ആദരിക്കുമ്പോൾ നമുക്ക് സംതൃപ്തി അനുഭവപ്പെടും.

ധനികർ മാത്രമല്ല ഇടത്തരക്കാരും ഭോഗഭ്രമവും ദ്രവ്യാഗ്രഹവും പ്രകടമാക്കും. പക്ഷേ അവർക്കൊരിക്കലും ഒന്നിലും സംതൃപ്തി കണ്ടെത്താൻ സാധിക്കുകയില്ല. അതേസമയം ഉയർന്ന ചിന്തകളെ താലോലിക്കുകയും ലളിതജീവിതം നയിക്കുകയും മധ്യമ മാർഗത്തിലൂടെ സഞ്ചരിക്കുകയും ചെയ്യുന്നവർക്ക് സംതൃപ്തി അനുഭവിക്കാൻ സാധിക്കും.

ആടയോടും ആഭരണങ്ങളോടും ചിലർ കാണിക്കുന്ന അമിത താല്പര്യങ്ങളെ നിരാകരിക്കുവാനും എവിടെയും മിതവ്യയം ശീലിക്കാൻ കഴിയുകയും ചെയ്യുന്നവർക്ക് സംതൃപ്തി കൈവരിക്കാം. ദൈവം നൽകിയ പ്രകൃതിദത്ത സൗന്ദര്യത്തെ, ബ്യൂട്ടി പാർലറിൽ പോയി വികൃതമാക്കുന്ന സ്ത്രീകൾക്ക് ഏറെത്താമസിയാതെ നിരാശയുടെ കരിമ്പടം അണിയേണ്ടിവരും. ഉള്ള സൗന്ദര്യത്തിൽ സന്തോഷിക്കുക; അതിനെ ന്യായമായ മാർഗത്തിലൂടെ നിലനിർത്തുക. അപ്പോൾ സംതൃപ്തി ലഭിക്കും.

ശാരീരിക ബലവും മാനസിക ആരോഗ്യവും ഉണ്ടെങ്കിലും സംതൃപ്തിയുടെ കാന്തശക്തി ഒരുവനിൽ നിന്ന് പുറപ്പെടണമെങ്കിൽ ആത്മീയ പ്രബുദ്ധതകൂടി വേണ്ടിവരും.

ചിലർ മെല്ലെപ്പോക്ക് നയമാകും സ്വീകരിക്കുക. അവർ ലക്ഷ്യത്തിലെത്താൻ ഏറെ സമയം പിടിക്കും. സമയം കഴിഞ്ഞ് ലക്ഷ്യത്തിലെത്തുന്നതുവഴി സംതൃപ്തി ഉണ്ടാകുകയുമില്ല. മറ്റു ചിലർ വളരെ വേഗതയിൽ ചലിക്കും. അവർക്ക് ഗോളടിക്കാൻ കഴിയാതെ വരും. പരാജയം ഉറപ്പാക്കുകയും ചെയ്യും. എന്നാൽ സാവകാശം ധൃതിപ്പെടുക എന്ന മാർഗം അവലംബിക്കുന്നവർക്ക് സംതൃപ്തിയാകും ഫലം.

ചിലർ പ്രായോഗിതകയിലാകും അള്ളിപ്പിടിക്കുക. മറ്റു ചിലർ തത്ത്വത്തെ മുറുകെപ്പിടിക്കും. രണ്ടുകൂട്ടർക്കും സംതൃപ്തി കൈവരിക്കാനാവില്ല. തത്ത്വത്തിൽ ചില മാറ്റങ്ങൾ വരുത്തുമ്പോഴാകും അതു കർമ്മമായിത്തീരുക. അതുകൊണ്ട് കർമ്മനിബന്ധമായ സിദ്ധാന്തത്തെ മുറുകെപ്പിടിക്കുന്നവന് സംതൃപ്തി ലഭിക്കും. എല്ലാറ്റിലും നന്മ കാണാൻ കഴിയുന്നവന് എപ്പോഴും സംതൃപ്തിയുടെ മേലങ്കി അണിയാനും സാധിക്കും.

ആഗ്രഹങ്ങൾ വേണം; നടപ്പാക്കാൻ വേണ്ട ഇച്ഛാശക്തിയും വേണം. പക്ഷേ അത്യാഗ്രഹം പാടില്ല. കൊക്കിൽ ഒതുങ്ങാവുന്നതേ കൊത്താവൂ. അത്യാഗ്രഹത്തിന്റെ കരിമ്പടം അണിയുന്നവർക്ക് ഒരിക്കലും സംതൃപ്തിയുടെ തുറമുഖത്ത് എത്തിച്ചേരാൻ വയ്യ.

വലിയ മനസ്സുള്ളവർ ജയത്തെയും തോൽവിയെയും നിസംഗതയോടെ നോക്കിക്കണ്ട് തൃപ്തിയടയും. ചെറിയ മനസ്സുള്ളവർ ചെറിയ തോൽവി പറ്റുമ്പോൾ പോലും വേവലാതി കാണിക്കും. അതൃപ്തി പ്രകടിപ്പിക്കും. വലിയ തോൽവികളെക്കുറിച്ച് അവർക്ക് ചിന്തിക്കാനേ കഴിയുകയില്ല. വലിയ മനസ്സുണ്ടാകണമെങ്കിൽ ഉള്ളിൽ സ്നേഹം വേണം; മനസ്സിൽ സന്തോഷം ഉരുവാകും. വലിയ ആളാകാൻ ശ്രമിക്കാതെ വലിയ മനസ്സിന്റെ ഉടമയാകാൻ ശ്രമിക്കുക. സമയബന്ധിതമായി അടുക്കും ചിട്ടയും മുൻനിർത്തി പരിപാടികൾ അർപ്പണമനോഭാവത്തോടെ ഉത്സാഹപൂർവ്വം നടപ്പാക്കുന്നവന്റെ മുഖത്ത് സംതൃപ്തിയുടെ തിരിനാളം തെളിയും.

സ്വാഭാവിക കഴിവുകളുടെ വികസനംകൊണ്ടുമാത്രം ആരും സംതൃപ്തരാകരുത്. ആർജിതമായ കഴിവുകളെ കൂട്ടിച്ചേർക്കാൻ കഴിയുന്നതുവഴിയാണ് വൻ നേട്ടങ്ങൾ ഉണ്ടാവുക. നേട്ടങ്ങളുടെ മുകളിൽ ആത്മമുദ്ര ചാർത്താനും കഴിയും. അപ്പോഴുണ്ടാകുന്ന സംതൃപ്തിക്ക് തിളക്കം കൂടും

ചതുർവിധതാളം അനിവാര്യമാണ്. ശാരീരികതാളം, മാനസികതാളം, ആത്മീയതാളം–സാമ്പത്തികതാളം– ഇവയെ ഒരു കട്ടിലിന്റെ നാലു കാലുപോലെ സംയോജിക്കണം. ഇതിനായി നല്ലപോലെ അച്ചടക്കം പാലിക്കുകയും വേണം. തീവണ്ടിയ്ക്ക് പാളത്തിൽകൂടിപോകാനേ പറ്റു; അല്ലെങ്കിൽ യാത്ര അപകടകരമാകും.

സംതൃപ്തി ലഭിക്കാനുള്ള വേറൊരുവഴി അന്യരെ അവരുടെ സാമ്പത്തിക ക്ലേശങ്ങളിൽ ക്രിയാത്മകമായി സഹായിക്കലാണ്. പ്രതിഫലം ആഗ്രഹിച്ച് സഹായിക്കരുത് എന്നു മാത്രം.

അന്യർക്കുവേണ്ടി പ്രാർത്ഥിച്ചാൽ നിനക്കു കൂടുതൽ സംതൃപ്തി ലഭിക്കും.

സംതൃപ്തി നിറഞ്ഞ മുഖഭാവത്തോടെ നീ മറ്റുള്ളവരെ സേവിക്കുമ്പോൾ അവർക്കു കൂടുതൽ സംതൃപ്തി അനുഭവപ്പെടും. അവരുടെ സന്തോഷത്തിന്റെ തരംഗം നിന്നിലേയ്ക്ക് എത്തിച്ചേരുമ്പോൾ നിനക്ക് കൂടുതൽ ഉണർവ്വ് തോന്നുകയും ചെയ്യും.

അർഹതപ്പെട്ടത് ലഭിക്കുന്നില്ലെങ്കിൽ സൗമ്യമായി ചോദിച്ചുമേടിക്കാം. പ്രതികാരബുദ്ധിയോടുകൂടി, കോപഭാവത്തോടുകൂടി ചോദിച്ചു മേടിച്ചാൽ സംതൃപ്തി അനുഭവപ്പെടുകയില്ല.

മനുഷ്യനുമായി ബന്ധപ്പെട്ടു ജീവിക്കേണ്ടിവരും. എന്തിനും ഒരു വിനിമയ മാധ്യമം ഉണ്ട്. സൗഹൃദത്തെ വിനിമയമാധ്യമമാക്കിയാൽ ഇരുവർക്കും സംതൃപ്തിയുണ്ടാകും. മറിച്ച് പണമോ, അധികാരമോ, ബലപ്രയോഗമോ, ഭീഷണിയോ വിനിമയ മാധ്യമമാക്കുന്നെങ്കിൽ എപ്പോഴും സംഘർഷമാകും നിലനിൽക്കുക. മൈത്രി–സ്നേഹം – എല്ലാ പ്രശ്നത്തിനുള്ള ഒറ്റമൂലിയാണ്. സ്നേഹത്തിൽ വ്യാപരിക്കുന്നവർക്ക് സംതൃപ്തിയുടെ ചൂളംവിളിക്കാനും കഴിയും.

ഒരു മനുഷ്യനും പൂർണ്ണനല്ല. പൂർണത എന്നത് അസാധ്യമാണ്. അതുപോലെ പൂർണ സംതൃപ്തിയും അപ്രായോഗികമാണ്. എല്ലാം ആപേക്ഷികമാണെന്നു സാരം. തന്നെയുമല്ല മനുഷ്യരെക്കുറിച്ച് ഫ്രോയിഡ് പറയുന്ന ഒരു സംഗതി: "എല്ലാ മനുഷ്യരും ഏറ്റക്കുറച്ചിലെന്യേ മനോരോഗികളാണ്." പണഭ്രാന്ത്, ജോലി ഭ്രാന്ത്, ഭക്തി ഭ്രാന്ത്, സുഖാസക്തി, കീർത്തിഭ്രാന്ത്, അധികാരലഹരി, ഭക്ഷണാസക്തി,ആഡംബരഭ്രാന്ത്, വാഹനഭ്രാന്ത്, സീരിയൽ ഭ്രാന്ത് ഇങ്ങനെ പോകുന്നു ഇത്. തന്മൂലം എല്ലാറ്റിലും മധ്യമമാർഗം അവലംബിക്കുക എന്നതാവും ഏറ്റവും നല്ല നയം. മിതവാദിയാവുക. മിതവാദിയുടെ ചെവിയിൽ സംതൃപ്തിയുടെ മണിനാദം മുഴങ്ങും.

ഒരു മനുഷ്യനും പൂർണ്ണനല്ല. പൂർണത എന്നത് അസാധ്യമാണ്. അതുപോലെ പൂർണ സംതൃപ്തിയും അപ്രായോഗികമാണ്. എല്ലാം ആപേക്ഷികമാണെന്നു സാരം. തന്നെയുമല്ല മനുഷ്യരെക്കുറിച്ച് ഫ്രോയിഡ് പറയുന്ന ഒരു സംഗതി: "എല്ലാ മനുഷ്യരും ഏറ്റക്കുറച്ചിലെന്യേ മനോരോഗികളാണ്." പണഭ്രാന്ത്, ജോലി ഭ്രാന്ത്, ഭക്തി ഭ്രാന്ത്, സുഖാസക്തി, കീർത്തിഭ്രാന്ത്, അധികാരലഹരി, ഭക്ഷണാസക്തി,ആഡംബരഭ്രാന്ത്, വാഹനഭ്രാന്ത്, സീരിയൽ ഭ്രാന്ത് ഇങ്ങനെ പോകുന്നു ഇത്. തന്മൂലം എല്ലാറ്റിലും മധ്യമമാർഗം അവലംബിക്കുക എന്നതാവും ഏറ്റവും നല്ല നയം. മിതവാദിയാവുക. മിതവാദിയുടെ ചെവിയിൽ സംതൃപ്തിയുടെ മണിനാദം മുഴങ്ങും.

സ്ഥാനം, അധികാരം, പണം, ഉത്തരവാദിത്വം എന്നിവയെല്ലാം ഒരാളിൽതന്നെ കേന്ദ്രീകരിക്കുന്ന ഫ്യൂഡൽ വ്യവസ്ഥിതി നിലനിർത്തുന്ന സംഘടനകൾക്ക് പെട്ടെന്ന് തകർച്ച നേരിടും. ഒരു സമൂഹത്തിന്റെ സമഗ്രവികസനത്തിന് പുരോഹിതന്മാരും രാജാക്കന്മാരും പ്രവാചകന്മാരും സേവകന്മാരും സംഘാടകരും ഒന്നിച്ചുകൂടി കൂട്ടായി ആലോചിച്ച് തീരുമാനമെടുത്ത് പ്രവർത്തിക്കുമ്പോഴാണ് വിജയം. അങ്ങനെ എല്ലാവർക്കും സംതൃപ്തി നുകരാൻ കഴിയും. പങ്കാളിത്ത നേതൃത്വത്തിന്റെ ശൈലി സ്വീകരിക്കുന്നതുവഴി എല്ലാവർക്കും സംതൃപ്തി കൈവരിക്കാം.

എല്ലാവർക്കും സംതൃപ്തി ഒരേ അളവിൽ ലഭിക്കുന്നില്ല. മലയുടെ അടിവാരത്തിൽ ആയിരക്കണക്കിന് ആളുകൾക്ക് ഒന്നിച്ചുകൂടുവാനും ഉല്ലസിക്കുവാനും കൂട്ടുചേർന്നു പ്രവർത്തിക്കുവാനും കഴിയും. എന്നാൽ കൊടുമുടിയിൽ നാലോ അഞ്ചോ ആളുകൾക്കേ കയറി നിൽക്കാൻ കഴിയൂ. ആ ചെറുസംഘം അവിടെ നിന്നുകൊണ്ട് സംതൃപ്തി നുകരും. കൊടുമുടിയിൽ നിൽക്കുന്നവരെ താഴെ നിൽക്കുന്നവർ അസൂയയോടെയാവും നോക്കിക്കാണുക. തങ്ങളേക്കാൾ കൂടുതൽ അളവിൽ മുകളിലുള്ളവർ സംതൃപ്തി അനുഭവിക്കുന്നതായി ഇവർക്കു തോന്നും. പക്ഷേ സംതൃപ്തിയുടെ അളവിൽ യാതൊരു വ്യത്യാസവും ഇല്ലെന്ന് ഓർമിക്കുക.

നല്ല നല്ല ഗ്രന്ഥങ്ങൾ വായിച്ചും വലിയവരും ചെറിയവരും സാധാരണക്കാരുമായ ആളുകളുമായും ഇടപഴകിയും, നല്ല കാര്യങ്ങൾ മനസ്സിലാക്കി, അവരവരിൽ സംതൃപ്തിയുടെ ഡിഗ്രി വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തുന്നത് ഒരു ശീലമാക്കുക.

സംതൃപ്തിയിക്കുള്ള ഏറ്റവും പ്രധാന മാർഗം കർത്തവ്യനിർവഹണം തന്നെ. പ്രസിദ്ധ നാടകകൃത്തായ സോഫോക്ലിസ് പറഞ്ഞു: "സ്വന്തം കർമങ്ങൾ അനുഷ്ഠിക്കാത്ത മനുഷ്യനെ ദൈവത്തിനുപോലും സഹായിക്കാനാവില്ല; സഹായിക്കുകയുമില്ല." കടമ നിറവേറ്റുന്നതിനായി പീഡാസഹനം വേണ്ടിവരും. കുറ്റാരോപണങ്ങൾ കേൾക്കേണ്ടിവരും. ഏറെപ്പേരുടെയും അവഗണന സഹിക്കേണ്ടതായിട്ടുണ്ട്. പലരും നമ്മെ നിരുത്സാഹപ്പെടുത്തുവാൻ ഇടയുണ്ട്. ശാരീരികമായ കഷ്ടപ്പാടുകൾ അഭിമുഖീകരിക്കേണ്ടിവരും. കുരിശുകൾ വഹിക്കാതെ കടമകൾ നിറവേറ്റുക അസാധ്യമാണുതാനും. ദൈവത്തിലാശ്രയിച്ചാണ് കർത്തവ്യനിർവഹണത്തിൽ നീ ഏർപ്പെടുന്നതെങ്കിൽ ഒരു കാര്യം ഉറപ്പാണ്, 'ഒരു വാതിൽ അടയുമ്പോൾ ദൈവം മറ്റൊരു വാതിൽ തുറന്നുതരും.'

കടമകളെക്കുറിച്ചു പറയുമ്പോൾ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ട കാര്യം നിന്നെ സംബന്ധിച്ച് ദൈവത്തിനുള്ള 'അസൈൻമെന്റ്' എന്താണെന്ന് കണ്ടുപിടിക്കുക എന്നതായിരിക്കണം. അതായത് ദൈവം നിനക്കായി വിശേഷാൽ മാറ്റിവച്ചിരിക്കുന്ന ചരിത്രപരമായ ജോലിയെ കണ്ടുപിടിക്കുക എന്നതുതന്നെ. അതിനെ നിന്റെ ചരിത്രനിയോഗമായി സ്വീകരിച്ച് അതിന്റെ നിർവഹണത്തിനായിട്ടാവണം ആത്യന്തികമായ പോരാട്ടം നടത്തേണ്ടത്.

ഞാൻ നല്ല പോർ പൊരുതി, ഓട്ടം ഓടി, എന്റെ കടമ നിറവേറ്റി, വിശ്വാസം സംരക്ഷിച്ചു എന്ന് നിന്നെ നോക്കി ചരമപ്രസംഗവേളയിൽ ഒരു മനുഷ്യസ്നേഹിക്ക് പറയാൻ കഴിയുമെന്ന് നിനക്കിപ്പോൾ വിശ്വസിക്കാൻ കഴിയുന്നെങ്കിൽ നിന്റെ ജീവിതം അർത്ഥപൂർണമായി.

# വിശ്വാസത്തിന്റെ അർത്ഥം

എം. തോമസ് മാത്യു



ക്രൈസ്തവ വിശ്വാസത്തിന്റെ ആധാരം ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പാണ്. പൗലോസ് വ്യക്തമാക്കിയതുപോലെ, ക്രിസ്തു ഉയിർത്തില്ലായിരുന്നെങ്കിൽ, വിശ്വാസം വ്യർത്ഥം, സുവിശേഷപ്രസംഗം വ്യർത്ഥം, സഭയുടെ നിലനിൽപ്പു വ്യർത്ഥം! പക്ഷേ, ക്രിസ്തുവിന്റെ ജീവിതത്തിന്റെയും മരണത്തിന്റെയും തുടർച്ചയാണ് അവിടുത്തെ ഉയിർത്തെഴുന്നേൽപ്പും എന്ന കാര്യം ആഘോഷങ്ങൾക്കിടയിൽ ക്രൈസ്തവലോകം വിസ്മരിച്ചുകളഞ്ഞോ എന്നു സംശയിക്കണം. ക്രിസ്മസ് ആഘോഷങ്ങൾ പോലും ക്രിസ്തുവിനെ പുറത്തു നിർത്തിക്കൊണ്ടു നടത്താൻ കഴിയുന്ന വിശേഷ വൈഭവം നേടിവരാണല്ലോ ക്രിസ്ത്യാനികൾ!

"എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും" എന്ന ക്രിസ്തു അരുളിച്ചെയ്തിട്ടുണ്ട്. പക്ഷേ, നാം ചോദിക്കുക; ക്രിസ്തുവിൽ വിശ്വസിക്കുക എന്നു പറഞ്ഞാൽ എന്താണ് അർത്ഥം? ക്രിസ്തു ദൈവപുത്രനാണ് എന്നു വിശ്വസിക്കുകയാണോ? പാപരഹിതമായ ആ ജീവിതം പാപികളായവർക്കുവേണ്ടി, അവരുടെ പാപങ്ങൾക്കു പരിഹാരമായി , ബലി നൽകപ്പെട്ടു എന്നു വിശ്വസിക്കുകയാണോ? കുരിശിൽ മരിച്ച യേശു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുകയാണോ?

ഇവയെല്ലാം ഈ വിശ്വാസത്തിന്റെ ഭാഗമാണ്, ആ വിശ്വാസത്തിൽ ചാഞ്ചല്യമുണ്ടായാൽ എല്ലാ അവസാനിച്ചു എന്നാണ് അർത്ഥം. അവിടുന്നു ദൈവപുത്രനായതുകൊണ്ടാണ് പാപഭൂയിഷ്ഠമായ ലോകത്തിൽ, അതിന്റെ വീണ്ടെടുപ്പിനുവേണ്ടി, അവതരിച്ചത്. ആ അവതാരത്തിന്റെ അർത്ഥം അറിയത്തതുകൊണ്ടാണ് യഹൂദാമതാധികാരികൾ റോമ ഗവർമെന്റിന്റെ ഒത്താശയോടെ അവിടുത്തെ ദുസ്സഹമായ പീഡാനുഭവത്തിനും ഒടുവിൽ ക്രൂശുമരണത്തിനും ഏൽപ്പിച്ചുകൊടുത്തത് ദൈവപുത്രനായതുകൊണ്ടാണ്. അവിടുന്നു മരണത്തിനു മരണം വിധിച്ചുകൊണ്ട് ഉയിർത്തു. കല്ലറ മുദ്രവച്ചു കാവൽ നിന്ന പടയാളികൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ജീവന്റെ നായകനെ അമർച്ച ചെയ്യാൻ മർത്ത്യന്റെ വീര്യത്തിനു കഴിയുന്നതെങ്ങനെ?

ഇതെല്ലാം ശരിതന്നെ. പക്ഷേ, അവിടെ നിൽക്കാനാണ് ഭാവമെങ്കിൽ ദൈവപുത്രന്റെ ഈ പങ്കപ്പാടുകൾകൊണ്ട് നമുക്ക് യാതൊരു ഗുണവും ഉണ്ടാകുന്നില്ല. ഒരു നിരർത്തക നാടകത്തിനു സാക്ഷ്യം വഹിച്ചു എന്ന കൃതാർത്ഥതയാണോ നമുക്ക് ആവശ്യം? ക്രിസ്തു സംഭവത്തിനുശേഷവും നമ്മൾ ജീവിക്കുന്നത് വരാഹജന്മങ്ങളെപ്പോലെ, കൊഴുത്ത മാലിന്യങ്ങളിൽ പുളച്ചുകൊണ്ടുതന്നെയോ? എങ്കിൽ, പൗലോസിന്റെ വാക്കുകളോടു ഇത്രയും കൂടി കൂട്ടിച്ചേർക്കാം. ഈ വിശ്വാസവും ആരാധനയും അനുഷ്ഠാനവും ആഘോഷവും വ്യർത്ഥം! പൊട്ടിയൊഴുകിയ മദ്യവും കഴുത്തരിയപ്പെട്ട ആട്ടിൻകുട്ടിയും കോഴിക്കുഞ്ഞുങ്ങളും വ്യർത്ഥം!

> കിട്ടിയതുകൊണ്ടെന്നും തൃപ്തിപ്പെടാത്ത തൃഷ്ണയാണ് പാപം. ആദം വിലക്കപ്പെട്ട കനി പറിച്ചുതിന്നത് വിശപ്പു സഹിക്കാഞ്ഞിട്ടല്ല; ഇതുകൂടി വിഴുങ്ങിയാലേ തൃപ്തിവരു എന്നു വിചാരിച്ച അടക്കമില്ലാത്ത കാമമായിരുന്നു അവന്റേത്; അതാണ്, അന്യന് ഒന്നുംകിട്ടാതാകത്തക്കവിധം എല്ലാം സ്വന്തമാക്കണമെന്ന സ്വാർത്ഥതയായി പടരുന്നത്; അതാണ് ദൈവപ്രസാദം നേടിയ സഹോദരന്റെ രക്തത്തിനു വേണ്ടി ദാഹിച്ചത്; അയൽവക്കക്കാരന്റെ മുന്തിരിത്തോപ്പ് കൊള്ളാമല്ലോ  എന്ന് കണ്ട് ഉറക്കം നശിച്ചത്! ഇവിടെ നിന്നാണ് മനുഷ്യന് മോചനം വേണ്ടത്. ഇവിടെ നിന്നാണ് എനിക്ക് എന്റെ സഹോദരന്റെ കാവൽക്കാരനായി മാറേണ്ടത്. അതിനുള്ള വഴിയാണ് യേശുവിന്റെ വഴി.

ഈ വിശ്വാസങ്ങളൊക്കെ മറ്റൊരുവിശ്വാസത്തിലേക്ക് നയിച്ചാൽ മാത്രമേ പ്രയോജനമുള്ളു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്ന് പറഞ്ഞപ്പോൾ വിശ്വാസത്തിന്റെ ആ തലത്തെക്കൂടി യേശു ഉദ്ദേശിച്ചിട്ടുണ്ട്. യേശു ദൈവപുത്രനാണെന്ന് സാക്ഷിക്കുന്നത് പ്രാഥമികമായും അവിടത്തെ ജീവിതമാണ്. വേദനിക്കുന്നവരുടെ വേദന സ്വന്തം വേദനയായി അനുഭവിച്ച്, ഭാരം ചുമക്കുന്നവരുടെ ഭാരം മാറ്റാനുള്ള അത്താണിയായി സ്വന്തം ചുമൽ നൽകി, അവിടുന്ന് ജീവിച്ചു. യേശുവിന്റെ ജീവിതത്തിൽ തനിക്കുവേണ്ടി അവിടുന്നു ചെയ്ത ഏതു പ്രവർത്തിയേക്കുറിച്ചാണ് വിവരിച്ചിട്ടുള്ളത്. ഒന്നുമില്ല, സമസ്തവും അന്യനുവേണ്ടിയുള്ള ജീവിതമായിരുന്നു അത്. ജനനം മുതൽ പ്രാണൻ പിതൃകരങ്ങളിൽ അർപ്പിക്കുവോളം അവിടുന്ന് അങ്ങനെയാണ് ജീവിച്ചത്. ആ ജീവിതത്തിൽ വിശ്വസിക്കു; ആ ജീവിതത്തിന്റെ വഴിയാണ് നിത്യജീവനിലേക്കുള്ള വഴി എന്നു വിശ്വസിക്കു എന്നാണ് യേശു ആവശ്യപ്പെട്ടത്. ആ ജീവിതമാണ് പാപത്തിനു പരിഹാരമായിത്തീരുന്നത്. യഹൂദമതക്കാരുടെ കപടവിശ്വാസത്തെ വെല്ലുവിളിക്കുകയും അവരെ വെള്ള തേച്ച ശവക്കല്ലറകൾ എന്ന് കൊടിയ വിമർശനം ഉയർത്തുകയും ചെയ്ത ഒരു തച്ചയുവാവിനെ പിടിച്ചുകെട്ടി കുരിശിൽത്തറച്ചു കൊന്നാൽ എന്റെ പാപങ്ങൾക്കു പ്രായശ്ചിത്തമാകും എന്നുപയുന്നതിൽ എന്തുയുക്തിയാണുള്ളത്; എന്തു ദൈവശാസ്ത്രമണുള്ളത്? ഈ യുക്തിയില്ലായ്മയെ ആരോപണങ്ങൾ നിറഞ്ഞ അനുഷ്ഠാന ബഹുലതകൊണ്ട് മൂടി വെയ്ക്കാമെന്നാണോ സഭയും വിശ്വാസസമൂഹവും ഘോഷിക്കുന്നത്.



എങ്കിൽ അവർക്ക് തെറ്റി എന്നു നാം പറയുക. കിട്ടിയതുകൊണ്ടെന്നും തൃപ്തിപ്പെടാത്ത തൃഷ്ണയാണ് പാപം. ആദം വിലക്കപ്പെട്ട കനി പറിച്ചുതിന്നത് വിശപ്പു സഹിക്കാഞ്ഞിട്ടല്ല; ഇതുകൂടി വിഴുങ്ങിയാലേ തൃപ്തിവരു എന്നു വിചാരിച്ച അടക്കമില്ലാത്ത കാമമായിരുന്നു അവന്റേത്; അതാണ്, അന്യന് ഒന്നുംകിട്ടാതാകത്തക്ക വിധം എല്ലാം സ്വന്തമാക്കണമെന്ന സ്വാർത്ഥതയായി പടരുന്നത്; അതാണ് ദൈവപ്രസാദം നേടിയ സഹോദരന്റെ രക്തത്തിനു വേണ്ടി ദാഹിച്ചത്; അയൽവക്കക്കാരന്റെ മുന്തിരിത്തോപ്പ് കൊള്ളാമല്ലോ എന്ന് കണ്ട് ഉറക്കം നശിച്ചത്! ഇവിടെ നിന്നാണ് മനുഷ്യന് മോചനം വേണ്ടത്. ഇവിടെ നിന്നാണ് എനിക്ക് എന്റെ സഹോദരന്റെ കാവൽക്കാരനായി മാറേണ്ടത്. അതിനുള്ള വഴിയാണ് യേശുവിന്റെ വഴി. ആ വഴി അവസാനിക്കുന്നത് കുരിശിലാവാം; പക്ഷേ, ആ വഴിക്ക് നടക്കുന്നവന്റെ ഉയിർത്തെഴുന്നേൽപ്പ് വ്യക്തമാക്കുന്നത്; അതാണ് പൗലോസ് വ്യാഖ്യാനിച്ചുതരുന്നത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ഒരു പുതിയ ജീവിതക്രമത്തിന്റെ വാഗ്ദാനവും സാർത്ഥകതയും വ്യക്തമാക്കുന്നു.



# ക്രിസ്തുവിനെ തിരുത്തുന്ന നമ്മൾ

ഡോ.ഡി.ബഞ്ചമിൻ

ക്രിസ്തു സ്ഥാപിച്ച ഐഹികമല്ലാത്ത, രാജ്യത്തെക്കുറിച്ച് സഭയും വിശ്വാസികളും ഉദാസീനരാണ്. ഈ ലോകത്തെ സംബന്ധിച്ച് ക്രിസ്തു എന്തു തരും എന്നതാണ്, അതുമാത്രമാണ്, പ്രശ്നം. ഐഹീകമല്ലാത്ത രാജ്യത്തിന്റെ പ്രതിബിംബങ്ങളായിരുന്ന സഭയുടെ സ്ഥാപനങ്ങളെയും ഘടനകളെയും എല്ലാം ഐഹികമാക്കി മാറ്റി. കഴിഞ്ഞ ഒരു ശതകംകൊണ്ട് ക്രൈസ്തവസഭയിലും, വിവാഹത്തിലും, തൊഴിലിലും, ഐശ്വര്യസമൃദ്ധിയിലുമധിഷ്ഠിതമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തു. ക്രിസ് ത്യാനികൾ ഇന്നന്വേഷിക്കുന്നത്

തന്റെ മുന്നിൽ വിചാരണയ്ക്ക് എത്തിച്ചേർന്ന ക്രിസ്തുവിനോട് ചോദിച്ച ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി കിട്ടുന്നില്ല എന്നു തോന്നിയ പീലാത്തോസ് ഒരല്പം അസഹിഷ്ണുതയോടെ തന്റെ അധികാരത്തെക്കുറിച്ച് ഓർമ്മിപ്പിച്ചു. അതിൽ ഒട്ടൊരു ഭീഷണിയുടെ സ്വരമുണ്ടായിരുന്നു. അപ്പോൾ ക്രിസ്തു നടത്തിയ വളരെ പ്രധാനപ്പെട്ട ഒരു വെളിപ്പെടുത്തലുണ്ട്. രാജാവായ തന്റെ രാജ്യം ഐഹീകമല്ല എന്നതായിരുന്നു അത്. യേശു ക്രിസ്തു തന്നെ സംബന്ധിച്ച ഈ സത്യം തന്റെ പ്രസ്താവങ്ങളിൽ പലപ്രാവശ്യം ധ്വനിപ്പിച്ചിട്ടുള്ളതണ്. അല്പം മുമ്പ് റോമാപ്പടയാളികൾക്കു നേരെ വാളോങ്ങിയ പത്രോസിനെയും ഇക്കാര്യം ഓർമിപ്പിച്ചു. പക്ഷേ പീലാത്തോസിന് ആ മറുപടി തൃപ്തികരമായി തോന്നിയില്ല. വിമോചകനായ മശിഹായെ കാത്തിരുന്ന യഹൂദാജനത്തിന്, ഒരിക്കലും ഉൾക്കൊള്ളാൻ കഴിയാതിരുന്ന സത്യവും അതുതന്നെ. സ്വർണത്തേരും കിരീടവും പടക്കോപ്പുമില്ലാതെ മർത്യമാനസങ്ങളിൽ സാർവ്വലൗകികമായി വാഴുന്ന ഒരു രാജാവിനെ അവർക്കു സങ്കല്പിക്കാൻ ബുദ്ധിമുട്ടായിരുന്നു.

ഇന്നത്തെ ക്രിസ്ത്യാനികൾക്കും അതെളുപ്പമല്ലാതായിരിക്കുന്നു. ക്രിസ്തു സ്ഥാപിച്ച ഐഹികമല്ലാത്ത, രാജ്യത്തെക്കുറിച്ച് സഭയും വിശ്വാസികളും ഉദാസീനരാണ്. ഈ ലോകത്തെ സംബന്ധിച്ച് ക്രിസ്തു എന്തു തരും എന്നതാണ്, അതുമാത്രമാണ്, പ്രശ്നം.

ഐഹികമല്ലാത്ത രാജ്യത്തിന്റെ പ്രതിബിംബങ്ങളായിരുന്ന സഭയുടെ സ്ഥാപനങ്ങളെയും ഘടനകളെയും എല്ലാം ഐഹികമാക്കി മാറ്റി. കഴിഞ്ഞ ഒരു ശതകംകൊണ്ട് ക്രൈസ്തവസഭയിലും, വിവാഹത്തിലും, തൊഴിലിലും, ഐശ്വര്യസമൃദ്ധിയിലുമധിഷ്ഠിതമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തു. ക്രിസ്ത്യാനികൾ ഇന്നന്വേഷിക്കുന്നത് ഈ സമൃദ്ധികളുടെ അധിദേവതയായ ഒരു ക്രിസ്തുവിനെയാണ്. സഭ അഭിമുഖീകരിക്കുന്ന സമകാലപ്രശ്നങ്ങൾ ക്കൊക്കെ കാരണം ക്രൈസ്തവദർശനത്തിന്റെ ഈ വികലീകരണമാണ്.

എബ്രായരുടെ ലേഖനം 11-ാം അധ്യായം ക്രൈസ്തവ വിശ്വാസത്തിന്റെ നിർവചനവും സമഗ്രമായ വിശദീകരണവുമാണ്. വിശ്വാസത്തെ നിർവചിക്കുന്നത് കാണാത്ത കാര്യങ്ങളെക്കുറിച്ചുള്ള ഉറപ്പ് എന്നാണ്. പക്ഷേ നമുക്കു കാണുന്ന കാര്യങ്ങളെക്കുറിച്ചുള്ള ഉറപ്പേ ആവശ്യമുള്ളു എന്നായിരിക്കുന്നു. വിശ്വാസം ഭാതീകസമൃദ്ധിയും സമ്പത്തും കൈപ്പറ്റാനുള്ള കുറുക്കുവഴിയാണെന്നു ക്രിസ്തു പറഞ്ഞിട്ടില്ല. ആദ്യം അന്വേഷിക്കേണ്ടത് ഭൂമിയിലെ നിക്ഷേപങ്ങളായിരിക്കണമെന്ന് പ്രബോധിപ്പിച്ചിട്ടുമില്ല. 13-ാം വാക്യത്തിൽ ഈ ലോകത്ത് വാഗ്ദത്തപൂർത്തി ലഭിക്കാതെ, മരിച്ച വിശ്വാസവീരന്മാരെക്കുറിച്ചാണ് പറയുന്നത്. വാഗ്ദത്ത സാഫല്യം ഉണ്ടാകാതിരുന്നിട്ടും അവർ വിശ്വാസത്തിൽ ജീവിക്കുന്നതുപോലെ തന്നെ പ്രധാനമാണ് കല്ലറയ്ക്കപ്പുറത്തുള്ള ജീവിതത്തെയും അവിടെ സംഭവിക്കാനിരിക്കുന്ന വാഗ്ദത്ത നിവൃത്തിയെയും കുറിച്ചുള്ള വിശ്വാസത്തിൽ മരിക്കാൻ കഴിയുക എന്നതും.

ക്രിസ്തു തന്റെ രാജ്യം ഐഹികമല്ല എന്നു പരഞ്ഞിരിക്കെ, അങ്ങനെയല്ല എന്നു പറയാനുള്ള തന്റേടംനമുക്കെവിടെനിന്നാണു ഉണ്ടായത്?

# നവതി നിറവിൽ ധന്യനാട്ടിലേക്ക്....



ആയിരം പൂർണ്ണചന്ദ്രദർശനത്തിനും അപ്പുറം സ്വർഗ്ഗസീയോന്റെ അവകാശവും നേടി ഭൗമജീവിതത്തിന്റെ ഒൻപത് പതിറ്റാണ്ടുകൾ പിന്നിട്ട് ചിന്നമ്മ തോമസ് യാത്രയായി.ഒരു നൂറ്റാണ്ടോളം വരുന്ന ആയുസിന്റെ രേഖാചിത്രത്തിൽ തുടക്കത്തിന്റെ മൂടൽമഞ്ഞും കാർമേഘപാളികളും എല്ലാം താണ്ടി തെളിഞ്ഞ മാനവും ആശ്വാസനാളുകളും ആസ്വദിച്ച് സംതൃപ്തിയോടെയാണ് അമ്മച്ചിയുടെ വിടവാങ്ങൽ.

പരാതിരഹിത ജീവിതത്തിന്റെ ഉടമയായി ജീവിതം കഴിച്ചതിന്റെ പിന്നിലെ രഹസ്യം യേശുനാഥന്റെ വചനവും ജീവിതവും ആയിരുന്നു എന്നത് അമ്മച്ചിയെ സംബന്ധിച്ചുള്ള പൊതുസാക്ഷ്യം. കോന്നി പുത്തൻവീട്ടിൽ യോഹന്നാൻ-ആച്ചിയമ്മ ദമ്പതികളുടെ രണ്ടാമത്തെ മകളായി ജനിച്ച ചിന്നമ്മ തടിയൂർ കല്ലോത്ത് കെ. പി. തോമസിന്റെ ജീവിതപങ്കാളിയായി.

ദൈവം കനിഞ്ഞനുഗ്രഹിച്ച ദാമ്പത്യത്തിൽ അഞ്ച് മക്കളെ ഏറ്റുവാങ്ങുവാനുള്ള ഭാഗ്യാനുഭവം ഉണ്ടായി. കൺമണികൾ മൂന്നും പെൺമക്കളായപ്പോൾ കല്ലോത്ത് ഭവനത്തിന്റെ പേര് നിലനിർത്തുവാൻ ഒരു ആൺകുഞ്ഞിനുവേണ്ടി ഹന്നയെപ്പോലെ കരഞ്ഞും ഉപവസിച്ചും പ്രാർത്ഥിച്ചും നേടിയ മകനാണ് രാജു തോമസ്.

മകനെ കർതൃശുശ്രൂഷകനായി കാണുവാനുള്ള ആഗ്രഹവും പ്രാർത്ഥനയും മാതാവിനുണ്ടായിരുന്നു. ആത്മീയ കാര്യങ്ങളിൽ മകനെ പ്രോത്സാഹിപ്പിക്കുന്നതിനും കഠിനമായ ശിക്ഷണത്തിലൂടെ വളർത്തിയെടുക്കാനും മാതാപിതാക്കൾ ഉത്സാഹം കാട്ടി. ആത്മീയ വിഷയങ്ങളിലും സൺഡേ സ്കൂൾ, ആരാധനാ, സഭാ കൂടിവരവുകൾ എന്നിവയിലും വീഴ്ച വരുത്തുവാൻ ഒരിക്കലും അവർ അനുവദിച്ചിരുന്നില്ല.

പിതാവിനെപ്പോലെ ബിസിനസ് രംഗത്ത് ശ്രദ്ധ പതിപ്പിച്ച മകനെ ഭൗമിക നന്മ നേടുന്നതിനേക്കാൾഒടുവോളം ഉത്സാഹിപ്പിച്ചത് ദൈവവേലക്കാരനാകുവാനാണ്. ഇന്ത്യൻ ആദിവാസി ഗ്രാമങ്ങളിൽ സുവിശേഷപ്രവർത്തകർക്കും വേലകൾക്കും പിന്നിൽ നിൽക്കുന്ന, പ്രോത്സാഹനമാകുന്ന മനോഹരദൃശ്യം കണ്ടാണ് മാതാവ് അക്കരയ്ക്ക് പോയിട്ടുള്ളത്.

തലമുറകൾ നേടിയ എല്ലാ ആത്മീയ, ഭൗമിക അനുഗ്രഹങ്ങളുടെയും പിന്നിൽ അമ്മച്ചിയുടെ ആത്മാർത്ഥ പ്രാർത്ഥനയും കണ്ണീരും ആർക്കും വിസ്മരിക്കുവാൻ ആവുന്നതല്ല. മക്കളെ എല്ലാവരെയും ദൈവവഴികളിൽ നടത്തി ദൈവത്തിന് മടക്കിക്കൊടുത്ത മാതൃത്വമായിരുന്നു അമ്മച്ചിയുടേത്. അതിനുവേണ്ടി ബാലശിക്ഷയും പത്ഥ്യോപദേശവും മടികൂടാതെ നൽകിയിട്ടുണ്ട്. ദാനങ്ങളെക്കാൾ ദാതാവിനെ ആദരിച്ച ജീവിതം.

ഭവനകാര്യങ്ങളെ ശ്രദ്ധയോടെ കണ്ടിരുന്ന മാതാവ് അടുക്കും ചിട്ടയും വൃത്തിയും വെടിപ്പുമുള്ള ജീവിതത്തിനുടമയായിരുന്നു. എളിയവരെയും ആവശ്യങ്ങളിൽ നെടുവീർപ്പിടുന്നവരെയും കണ്ടെത്തുകയും സഹായിക്കയും ചെയ്യുവാൻ ഏതുകാലത്തും ഒരുക്കമുള്ളവളായിരുന്നു. മക്കളെയും ആ ദർശനം ഏൽപ്പിക്കുവാൻ മറന്നില്ല.

13 കൊച്ചുമക്കളെയും അവരുടെ ഇരുപതു മക്കളെയും കാണാനും താലോലിക്കുവാനുമുള്ള ഭാഗ്യം അമ്മച്ചിക്കു സിദ്ധിച്ചു. തടിയൂരിൽനിന്നും കഴിഞ്ഞ ഏഴു വർഷങ്ങൾക്കുപിറകിൽ വടശ്ശേരിക്കര റിവർവ്യൂവിലേക്ക് താമസം മാറ്റിയ അമ്മച്ചി വടശ്ശേരിക്കര സഭാകൂട്ടായ്മയിൽ ആയിരുന്നു.

90 വർഷത്തിന്റെ സുദീർഘ പ്രയാണത്തിന്റെ ഒടുവിലത്തെ രണ്ടു വർഷങ്ങൾ ശയ്യാവലംബയായി. മക്കളുടെയും മരുമക്കളുടെയും കൊച്ചുമക്കളുടെയും സ്നേഹാശ്ലേഷങ്ങൾ ഏറ്റുവാങ്ങി.

കിടക്കയിൽനിന്ന് സ്വർഗ്ഗത്തോളം എത്തിക്കൊണ്ടിരുന്ന ഹല്ലേലുയ്യയും സ്തോത്രവും പഴയകാല ക്രിസ്തീയ ഭക്തിഗാനങ്ങളും സാക്ഷ്യത്തിന്റെ ശക്തമായ വാക്കുകളും സന്ദർശകരെ ആശ്വസിപ്പിച്ചിട്ടുണ്ട്, സംതൃപ്തരാക്കിയിട്ടുണ്ട്.

കുമ്പനാട് ഫെലോഷിപ്പ് ഹോസ്പിറ്റലിൽ 2016 മാർച്ച് 29 ചൊവ്വ രാത്രി 1 മണിക്ക് താൻ എറെ പ്രിയം വച്ച കർതൃസന്നിധിയിലേക്ക് അമ്മച്ചി യാത്രയായി. പ്രിയപ്പെട്ടവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ.

ഏപ്രിൽ 4 തിങ്കൾ രാവിലെ 9 ന് ഭവനാങ്കണത്തിൽ ആരംഭിച്ച സംസ്കാര ശുശ്രൂഷയിൽ നിരവധി സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക നേതാക്കൾ പങ്കെടുത്തു. കർതൃദാസന്മാരായ ജോസ് മാത്യു, വർഗീസ് കുര്യൻ, സാം മാത്യു, ബിനു സമുവേൽ, പി. സാംസൺ, വർഗീസ് തോമസ്, ചാൾസ് ജോൺ, കെ.വി. മാത്യു, എം.വി. ബാബു തുടങ്ങിയ ഒട്ടേറെപ്പേർ ആശ്വാസദൂത് പങ്കുവച്ചു. ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് സമാപന സന്ദേശം നൽകി. ബ്രദർ ഏബ്രഹാം തോമസ് ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. 12.30 ന് പുനരുദ്ധാനത്തിന്റെ പുത്തൻപുലരിയുടെ പ്രത്യാശയിൽ വടശ്ശേരിക്കര സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.



> ഒറ്റയ്ക്കാണെന്നുള്ള തോന്നലാണ് ഏറ്റവും വലിയ ദുരന്തം. ഒരാൾ കൂട്ടുവരുന്നതാണ് ഏറ്റവും വലിയ സാന്ത്വനം. ആരോ ഒരാൾ കൂടെ വരുന്നുണ്ട്. പഴയനിമ ജനതയുടെ സഞ്ചാരം പോലെ. പകൽ മേഘമായും, രാത്രി അഗ്നിയായും കർത്താവ് അവർക്ക് കൂട്ടുപോയി.

# ഇടയൻ

ബോബി ജോസ്



പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു. പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു... മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല. അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു. (സങ്കീ.23).

ചിപ്പിയുടഞ്ഞ് മുത്തു വീഴുന്നതുപോലെ ഒരു നിമിഷമായിരുന്നു അത്. തന്റെ നവജാത ശിശുവിനെ ഇട്ടിട്ടുപോകാനുള്ള ധൈര്യമില്ല അമ്മയ്ക്ക്. അവനെയും ഞാൻ കൊണ്ടുപോയ്ക്കോട്ടെ. ഡോക്ടർ അവളെ സാന്ത്വനപ്പെടുത്തി. അമ്മയുടെ കുറവറിയാതെ നിന്റെ കുഞ്ഞിനെ വളർത്തുന്ന ഉത്തരവാദിത്വം ഞങ്ങളേറ്റു. ഇത് ഒരാൾ തനിച്ചു പോകേണ്ട യാത്രയാണ്. കൂടാതെ നീ പ്രവേശിക്കുന്ന വാതിലിലൂടെ ഒറ്റയാൾക്കേ കടന്നുപോകാനാവൂ. അവളുടെ പുരുഷൻ ഡോക്ടറെ വിലക്കി. അങ്ങനെ പറയരുത്. രണ്ടുപേർക്ക് കടന്നുപോകാനാവും, അവളോടൊപ്പം അവളുടെ ഇടയനുമുണ്ടാകും.

മരണത്തിന്റെ താഴ്‌വരയിലൂടെ നടക്കുമ്പോഴും അവൾ കൂട്ടുപോകുന്ന ആ ഇടയസങ്കീർത്തനം പതുക്കെ സ്ഫുടമായി ചൊല്ലിത്തുടങ്ങി. അതിന്റെ തണുപ്പിൽ അവളുടെ കടന്നുപോകൽ എളുപ്പമായി. എത്രകോടി മനുഷ്യരെ പ്രകാശിപ്പിച്ച ഗീതമാണിത്, 23-ാം സങ്കീർത്തനം. ആരെങ്കിലും അതിരുവിടുമ്പോൾ ഒന്ന് കണ്ണും പൂട്ടിയിരിക്കുക. വൈകാതെ ഇടയന്റെ ഊന്നുവടിയുടെ ശബ്ദം നിങ്ങളുടെ ഇടനാഴിയിൽ മുഴങ്ങുന്നതായി മനസ്സിലാകും.

ഒറ്റയ്ക്കാണെന്നുള്ള തോന്നലാണ് ഏറ്റവും വലിയ ദുരന്തം. ഒരാൾ കൂട്ടുവരുന്നതാണ് ഏറ്റവും വലിയ സാന്ത്വനം. ആരോ ഒരാൾ കൂടെ വരുന്നുണ്ട്. പഴയനിമ ജനതയുടെ സഞ്ചാരം പോലെ. പകൽ മേഘമായും, രാത്രി അഗ്നിയായും കർത്താവ് അവർക്ക് കൂട്ടുപോയി. മാർഗരറ്റ് പവേഴ്സിന്റെ പാദമുദ്രകൾ എന്ന വിശ്വപ്രസിദ്ധമായ ഒരു ഗീതകം പോലെ. അതിന്റെ സാരം നിങ്ങൾക്ക് അറിയാം. ഒരാൾ ഒരു സ്വപ്നം കാണുകയാണ്. ഒരു ചിത്രത്തിലെന്നതുപോലെ കഴിഞ്ഞകാല സഞ്ചാരങ്ങൾ അയാൾക്ക് തെളിഞ്ഞുകിട്ടുന്നു. മണലിൽ അയാളോടൊപ്പം മറ്റൊരാളുടെ കാല്പാദങ്ങളുണ്ട്. അത് ദൈവത്തിന്റേതാണെന്നയാൾക്കറിയാം. എന്നാൽ, അയാളെ അമ്പരപ്പിച്ചത് അയാളുടെ കഷ്ടസംവത്സരങ്ങളുടെ കാഴ്ചയായിരുന്നു. ഒരു ജോഡി കാൽപ്പാദങ്ങൾ മാത്രം. അയാൾ ദൈവത്തോട് പരാതി പറഞ്ഞു. എന്നെ തനിച്ചാക്കിയിട്ട് അത്തരം കാലങ്ങളിൽ നീ എവിടെപ്പോയി? ദൈവം പുഞ്ചിരിച്ചു! നിന്റെ കാൽപ്പാദങ്ങളാണ് കാണാതെ ആയത്. അക്കാലങ്ങളിൽ നടക്കാൻ പോലും അനുവദിക്കാതെ ഞാൻ നിന്നെ എന്റെ തോളിൽ ഉയർത്തി സഞ്ചരിക്കുകയായിരുന്നു....

ശരിക്കും ആടിനെപ്പോലെ ഒരശുജന്മംതന്നെ എന്റേത്. ഒന്ന് വേഗത്തിൽ സഞ്ചരിക്കാൻ പോലുമാകാതെ ഓരോരോ കൗതുകങ്ങളിൽ തങ്ങി കിതച്ചുകിതച്ചൊരു ജീവിതം. പുരുഷാരത്തെക്കണ്ട് അവന് അനുകമ്പ തോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ ചിന്നിയും ചിതറിയും കണ്ടു എന്ന തിരുവചനത്തിൽ (മത്താ.9:36) ൽ എന്റെ തലവര അടയാളപ്പെടുത്തിയിട്ടുണ്ട്. അജ്ഞതയാണ് എന്റെ ബലഹീനത. അതുകൊണ്ടുതന്നെ ഓരോരോ കെണികളിലേക്കും ദുരന്തങ്ങളിലേക്കും ഞാനറിയാതെ ഇറങ്ങിപ്പോവുകയാണ്....... ഇടയനില്ലാത്ത ഒരു നിലനിൽപ്പ് ഏതാണ്ട് അസാധ്യം തന്നെ.

എത്ര പെട്ടെന്നാണ് അതിന്റെ അഴകിനെ വീണ്ടെടുക്കുന്നത്. എന്തൊക്കെയാണ് എന്റെ പ്രാണനുവേണ്ടി അവൻ കരുതിവയ്ക്കുന്നത്? ധ്യാനത്തിന്റെ പച്ചപ്പുല്ലിടങ്ങൾ, ജ്ഞാനത്തിന്റെ നിശ്ചലതടാകങ്ങൾ, നീതിയുടെ ഒറ്റയടിപ്പാതകൾ, ആത്മാഭിഷേകത്തിൽ കവിഞ്ഞൊഴുകുന്ന പ്രാണന്റെ പാനപാത്രം. സങ്കല്പങ്ങൾകൊണ്ടുപോലും ജീവനെ തണുപ്പിക്കുന്ന ആ ഇടയഗീതം എത്രകോടി മനുഷ്യരുടെ ഊർജ്ജമാണ് നിലനിർത്തിയിട്ടുള്ളത്.

ഞാൻ ആടുകളുടെ വാതിലാകുന്നു. എന്നിലേക്ക് പ്രവേശിച്ചവൻ അകത്തേക്ക് പ്രവേശിച്ച് പുറത്തേക്ക് ചെല്ലുമ്പോൾ എന്നും മേച്ചിൽ പുറങ്ങൾ ഉണ്ടാകും എന്ന ക്രിസ്തുമൊഴികളെ, പച്ചയായ പുൽപ്പുറങ്ങളിലേക്ക് അവനെന്നെ നയിക്കുന്നു എന്ന തിരുവചനവുമായി ചേർത്തു വായിക്കുക. ഹരിതാഭമായ ഭാവനകളുടെ അഭാവമാണ് ജീവിതത്തെ ഊഷരമാക്കുന്നത്. ഒരുതരത്തിൽ സുദർശനത്തിന്റെ അഭാവം. ലോകം എല്ലായ്പ്പോഴും എല്ലായിടത്തും ഭംഗിയുള്ളതാവണമെന്നില്ല. ധ്യാനത്തിന്റെ ഉപനയനം ലഭിച്ച ഒരാൾക്ക് തന്റെ ഉള്ളിലെ നനവുകൊണ്ട് ഏതൊരിടത്തെയും പച്ചയാക്കാൻ ബലമുണ്ട്. ഒരു ധ്യാനസംസ്കൃതിയിലെക്ക് പ്രവേശിക്കുന്നതിനുമുൻപ് ഒരാളുടെ ജീവിതം വന്ധ്യവും ഊഷരവുമാണ്. എന്നാൽ, ചില അപ്രതീക്ഷിത കണ്ടെത്തലുകളുടെ അനുഭവങ്ങൾക്കുശേഷം ജീവിക്കാനും സ്നേഹിക്കാനുള്ള കാരണങ്ങള എല്ലായിടത്തുമുണ്ടെന്ന് മനസ്സിനറിയാം. യേശു പുലരിയിലേ വിജനസ്ഥലത്തേക്ക് പോയി എന്ന് തിരുവചനം ഇടയ്ക്കിടയ്ക്ക് ഓർമ്മിപ്പിക്കുന്നത് അതുകൊണ്ടാണ്. പുലരിയിലെ ആ പച്ചകൊണ്ടാണ് പൊള്ളുന്ന പകലിനെ ക്രിസ്തു അഭിമുഖീകരിച്ചതും അതിജീവിച്ചതും.

ഇനി ജ്ഞാനത്തിന്റെ സ്വസ്ഥതയുള്ള ജലാശയം. ദുഷ്ടരുടെ ഹൃദയം കടൽപ്പോലെ മറിയുന്നുവെന്ന് ഏശയ്യ. പുണ്യനഗരിയിൽ കടലില്ലെന്ന് വെളിപാടിന്റെ പുസ്തകം. പ്രക്ഷുബ്ധമായ ജലരാശിയാണ് കടൽ. അസ്തമിക്കാത്ത സൂര്യനെപ്പോലെ ദൈവം സദാ ജ്വലിച്ചുനിൽക്കുന്ന ഇടത്തിൽ ജലരാശികൾ കലങ്ങിമറിയേണ്ട കാര്യമില്ല. ശരിയായ ജ്ഞാനമാണ് ജീവിതത്തിന്റെ നിശ്ചലതകളെ തിരികെപ്പിടിക്കുന്നത്. ക്രിസ്തുവിന്റെ ജ്ഞാനനസ്നാനത്തിൽ സംഭവിച്ചതുപോലെ. അവനുമീതെ പിളർന്ന ജ്ഞാനത്തിന്റെ അംബരത്തിൽ നിന്ന് ഒരരിപ്രാവ് ശിരസ്സിലൂടെ അവിടുത്തെ ഹൃദയത്തിലേക്ക് കൂട്ടുകൂടി. ഇനി ഏത് ഉലയുന്ന സാഹചര്യങ്ങളിലും ആ നിശ്ചലതടാകത്തിന് ഉലയാനാകില്ല. അവൻ കൂടെയില്ലാതിരിക്കുമ്പോഴും, അല്ലെങ്കിൽ കൂടെയുണ്ടായിരുന്നിട്ടും തെല്ല് മയങ്ങിയപ്പോൾ മാത്രമായിരുന്നു എന്റെ പ്രാണന്റെ ചെറിയ നൗക ഈ ഗലീലി തടാകത്തിൽ ഉലഞ്ഞതെന്നും ഞാനോർക്കുന്നു.

എന്റെ പാനപാത്രം നിറഞ്ഞൊഴുകുകയാണ്. അഭിഷേക ജീവിതത്തിന്റെ പ്രതീകമാണിത്. ആ പദത്തെ കുറെക്കൂടി നമ്മൾ ഗൗരവമായെടുക്കണം. ആത്മീയതയിൽ മാത്രമല്ല ഭൗതീകസാഹചര്യങ്ങളിലും കുറെക്കൂടി ആത്മാവ് ആവശ്യമുണ്ട്. ശൂന്യമായ ചഷണം കണക്കാലാണിപ്പോൾ മിക്കവാറും പേരുടെ ജീവിതം. ഞാൻ വന്നിരിക്കുന്നത് ജീവൻ നൽകാനും ജീവൻ സമൃദ്ധമായി നൽകാനും വേണ്ടിയാണ് എന്ന ഗുരുമൊഴികൾ എന്നെ വാവിട്ടു കരയിക്കുന്നു. ജീവിതയോഗ്യമല്ലാത്ത, ആത്മാവില്ലാത്ത നമ്മുടെ അനുദിനനിലനില്പ്....

കുറെക്കാലം മുമ്പാണ്, ഒരു പൊതുവേദിയിൽ വച്ച് ഒരു ഗായകൻ തന്റെ ഇമ്പമാർന്ന മുഴങ്ങുന്ന സ്വരത്തിൽ 23-ാം സങ്കീർത്തനം പാടി. സദസ്സ് കരഘോഷം മുഴക്കി. പിന്നെ പ്രാർത്ഥനയ്ക്കിടയിൽ ഒരു വൃദ്ധ വൈദികൻ ആ സങ്കിർത്തനം മെല്ലെ മെല്ലെ ഉരുവിട്ടു. ആൾക്കൂട്ടത്തിന്റെ മിഴികൾ നനഞ്ഞുതുടങ്ങി, അന്തരീക്ഷത്തിന് വല്ലാത്ത കനമുണ്ടായി. അതിനിടയിൽ ഗായകൻ തന്നോടുതന്നെ പറഞ്ഞത് എല്ലാവരും കേട്ടു: എനിക്ക് സങ്കീർത്തനം അറിയാം. അദ്ദേഹത്തിന് ഇടയനെയും.



# ദൈവം നമ്മോടുകൂടെ



ഡോ. കെ.സി. ജോൺസൺ

"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും" (മത്തായി 1:22). ഇത് യെശ. 7:14:-ന്റെ നിറവേറലാണ്. ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ കന്യകയായിരുന്ന മറിയ പ്രസവിച്ച വ്യക്തി ഇമ്മാനുവേൽ ആണ്. അതായത് ദൈവം നമ്മോടുകൂടെ; അർത്ഥാൽ കന്യക പ്രസവിച്ച വ്യക്തി ദൈവമാണ്."യേശുക്രിസ്തു ദൈവമാണോ?" എന്ന ചോദ്യത്തിന് സംശയലേശമെന്യെ വേദപുസ്തകം ഉത്തരം നൽകുന്നു. അവൻ പൂർണ്ണമായും അപ്രമേയനായ ദൈവമാണെന്ന് അത് ഉറക്കെ പ്രഖ്യാപിക്കുന്നു. ക്രിസ്തു ദൈവമാണെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു എന്നുള്ളത് അറിഞ്ഞാൽ മാത്രം പോരാ. ആ മഹത് സത്യം തെളിയിക്കുവാനും കഴിയണം.

ക്രിസ്തുവിനെ പൗലൊസ് വെളിപ്പെടുത്തുന്നത് ഇപ്രകാരമാണ്: "അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്" (കൊലൊ. 2:9). ഇതിനെക്കാൾ ഈ വസ്തുതയെ എങ്ങനെ വ്യക്തമാക്കാനാകും? അതായത്, ദൈവത്തിന്റെ സ്വഭാവം, വ്യക്തിത്വം, സത്ത, മഹത്വം തുടങ്ങി എന്തൊക്കെ, എങ്ങനെയൊക്കെ ദൈവത്തെക്കുറിച്ച് പറയാൻ കഴിയുമോ, അങ്ങനെയുള്ള സകലവും ക്രിസ്തുവിനോടുള്ള ബന്ധത്തിൽ വാസ്തവമാണ്. ദൈവത്തിനുള്ള പ്രത്യേകതകളും, നിസ്തുല്യതയും, സ്വഭാവ സവിശേഷതകളും ക്രിസ്തുവിലുണ്ടെങ്കിൽ തീർച്ചയായും അവൻ ദൈവമാണ്, അതിൽ അണുവിട കുറവില്ല.

### 1. സർവ്വജ്ഞാനം

കൊലൊസ്യർ 2:3-ൽ പരിശുദ്ധാത്മ പ്രേരിതനായി പൗലൊസ് വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക: "അവനിൽ (ക്രിസ്തുവിൽ) ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിരിക്കുന്നു" (ഒ.നോ. യോഹന്നാൻ 1:48; 2:24,25; 4:50; 11:4; മർക്കൊസ് 2:6-8).

ഈ വസ്തുതകളെ പരിഗണിക്കുക: ആശയക്കുഴപ്പം, ആകസ്മികത്വം, അബദ്ധം തുടങ്ങിയവയൊന്നും അവനിൽ സംഭവിച്ചിട്ടില്ല. ഭൂത, വർത്തമാന, ഭാവികാലങ്ങൾ ഒരുപോലെ അറിയുന്ന സർവ്വജ്ഞാനിയാണവൻ. കാലാതീതനായി നിത്യത മുതൽ നിത്യത വരെയുള്ള സകല കാര്യങ്ങളിലും അവന്റെ സർവ്വജ്ഞാനം വെളിപ്പെട്ടിരിക്കുന്നു. സംഭവിച്ചതൊ, സംഭവിക്കുന്നതൊ, സംഭവിക്കുവാൻ പോകുന്നതൊ, ഒന്നും പറഞ്ഞുകൊടുക്കുകയൊ, പഠിപ്പിക്കുകയൊ, കാണുകയൊ, ചെയ്യാതെ അവനറിയുന്നു. സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലുള്ളതല്ല ഈ അറിവ്. അക്ഷയമായ, അറുതിവരാത്ത, ആദ്യന്തമില്ലാത്ത സർവ്വപരിജ്ഞാനത്തിന്റെയും നിസ്തുല്യ നിക്ഷേപമാണവൻ.

### 2. സർവ്വശക്തി

ക്രിസ്തു തന്റെ ഐഹീക ജീവിതകാലത്ത് രോഗം, മരണം, പ്രകൃതി എന്നിവയിന്മേലുള്ള ശക്തി വെളിപ്പെടുത്തുകയുണ്ടായി. യോഹന്നാന്റെ സുവിശേഷം വരച്ചു കാട്ടുന്ന ഏഴു അത്ഭുതങ്ങൾ അവന്റെ സർവ്വശക്തിയുടെ വ്യക്തമായ തെളിവുകളാണ് (ഒ.നോ. യോഹന്നാൻ 20:30,31). സർവ്വശക്തിയാൽ സകലത്തെയും ഉളവാക്കിയവൻ അതേ ശക്തിയാൽ സകലത്തെയും നിയന്ത്രിക്കുന്നു (യോഹന്നാൻ 1:3; എബ്രായർ 1:3). സർവ്വാധികാരിയാണെന്നും സർവ്വശക്തനാണെന്നും ക്രിസ്തു സ്വയം അവകാശപ്പെട്ടിട്ടുമുണ്ട് (മത്തായി 28:18; വെളി. 1:8)).

### 3. സർവ്വവ്യാപിത്വം

ന്യായപ്രമാണ പണ്ഡിതനായ നിക്കോദേമൊസിനോട് ക്രിസ്തു താൻ സർവ്വവ്യാപിയാണെന്ന് അവകാശപ്പെട്ടു. നിക്കോദേമൊസിനെപ്പോലൊരു വ്യക്തിക്ക് ക്രിസ്തുവിന്റെ ദൈവത്വം മനസ്സിലാക്കുവാൻ ആ അവകാശവാദം മാത്രം മതി (യോഹാ. 3:13). ഇവിടെ യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ തന്നെ സ്വർഗ്ഗത്തിലും ആയിരുന്നു എന്നത് വ്യക്തമാണ്. "സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നവനായി, സ്വർഗ്ഗത്തിൽ ഇരിക്കുന്ന മനുഷ്യപുത്രൻ" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്ന് ക്രിസ്തു സ്വർഗ്ഗത്തിൽ പിതാവിന്റെ വലതുഭാഗത്തു ഇരിക്കുന്നു; അതേ സമയം ഭൂമിയിൽ രണ്ടോ മൂന്നോ പേർ കർത്താവിന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും കർത്താവ് അവരുടെ നടുവിലുമുണ്ട് (മത്തായി 18:20; 28:20). ഈ ഭാഗങ്ങളിൽ നാം കാണുന്ന പ്രകാരം ഒരേ സമയം സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വവ്യാപി ആയിരിക്കുന്നതിന് യേശുക്രിസ്തുവിന് കഴിയുന്നു എന്നത് ക്രിസ്തുവിന്റെ ദൈവത്വത്തിനുള്ള വ്യക്തമായ ഒരു തെളിവാണ്.

### 4. നിത്യത

ക്രിസ്തുവിന്റെ പൂർവ്വാസ്തിക്യം ദൈവവചനം വളരെ വ്യക്തമാക്കിയിട്ടുണ്ട് (യോഹ. 8:58). അതായത് ബേത്ലഹേമിൽ ജനിക്കുന്നതിനു മുമ്പു തന്നെ അവനുണ്ടായിരുന്നു. ഇതു വാസ്തവമാണ്; എന്നാൽ പൂർവ്വാസ്തികൃത്തിനും നിത്യതയ്ക്കും തമ്മിൽ വ്യത്യാസമുണ്ട്. നിത്യത എന്നാൽ മനുഷ്യാവതാരത്തിനു മുമ്പുണ്ടായിരുന്നു; അവനില്ലാത്ത കാലമില്ല; അവനെ കൂടാതെ നിത്യത ഇല്ല. ദൈവത്തിനു മാത്രമേ നിത്യനായിരിപ്പാൻ കഴിയുകയുള്ളൂ. ക്രിസ്തു നിത്യനായ ദൈവമാണ് (ഒ.നോ. മീഖാ 5:2; യോഹ. 1:1; 8:56-58; 12:38-41; വെളിപ്പാട് 1:8).

### 5. അവ്യയത്വം/അനന്യത്വം

പരിവർത്തന വിധേയമല്ലാത്ത അഥവാ മാറ്റമില്ലാത്ത അവസ്ഥ ദൈവത്തിനു മാത്രമേ ദൈവവചനം നൽകിയിട്ടുള്ളൂ (മലാഖി 3:6). യേശുക്രിസ്തുവിനും ഈ സവിശേഷത നൽകുമ്പോൾ അവൻ ദൈവമല്ലാതാകുന്നതെങ്ങനെ! (എബ്രാ. 1:1-12; 13:8).

### 6. സ്വാതന്ത്ര്യം

പിതാവിന്റെ ഹിതത്തിനും, മനുഷ്യരുടെ ക്രൂരതക്കും വിധേയപ്പെട്ടപ്പോഴും ആർക്കും അധീനപ്പെടാത്ത പരിപൂർണ്ണസ്വാതന്ത്ര്യം യേശുക്രിസ്തു വെളിപ്പെടുത്തിയിട്ടുണ്ട്. അവൻ ഇച്ഛിക്കുന്നതുപോലെ അവനു ചെയ്യാമായിരുന്നു. എന്നാൽ സ്വയം വിധേയപ്പെടാൻ അവൻ പ്രസാദിച്ചു (ഫിലി. 2:6-8; യോഹ. 10:17,18; മത്തായി 26:53,54).

### 7. വിശുദ്ധി

എബ്രായർ 7:26, പുത്രനായ ക്രിസ്തുവിന്റെ വിശുദ്ധി വ്യക്തമാക്കുന്നു: "ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്കു വേണ്ടിയതു: പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതനായിത്തീർന്നവൻ." ദൂതന്റെ പ്രഖ്യാപനവും ക്രിസ്തുവിന്റെ വിശുദ്ധി വ്യക്തമാക്കുന്നു (ലൂക്കൊസ് 1:35). സാത്താനും അത് സമ്മതിക്കുന്നു (മർക്കൊസ് 1:24). അവന്റെ ഐഹീക ജീവിതകാലത്ത് ലഭിച്ച സാക്ഷ്യങ്ങളെല്ലാം അവന്റെ വിശുദ്ധി വെളിപ്പെടുത്തുന്നു. "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു?" എന്ന ക്രിസ്തുവിന്റെ ചോദ്യം ഉത്തരമില്ലാതെ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും കാതുകളിൽ മുഴങ്ങുന്നു! (യോഹ. 8:46).

### 8. സ്നേഹം

പിതാവാം ദൈവം സ്നേഹിച്ചതുപോലെ തന്നെ ക്രിസ്തുവും സ്നേഹിച്ചു. യോഹന്നാൻ 15:9-ൽ "പിതാവു എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു" എന്നു കാണുന്നു, അപരിമേയമായ ആ സ്വഭാവ സവിശേഷത ബൈബിളിൽ വ്യക്തമാക്കിയിട്ടുണ്ട് (ഒ.നോ. എഫെ. 5:2; 2 കൊരി. 5:14; ഗലാ. 2:20).

സങ്കീ. 45:6,7; യെശ. 7:14; 9:6; മത്തായി 1:22; യോഹ. 1:1,14; 20:28; റോമർ 9:5; ഫിലി. 2:6-8; കൊലൊ. 2:9; 1 തിമൊ. 3:15,16; തീത്തൊസ് 2:12; എബ്രാ. 1:8,9; 1 യോഹ. 5:20; വെളി. 1:8; 21:6,7 എന്നിവ യേശുക്രിസ്തുവിന്റെ ദൈവത്വം വ്യക്തമാക്കുന്ന വചനഭാഗങ്ങളാണ്. യേശുക്രിസ്തു സാക്ഷാൽ ദൈവമാണെന്ന് ഈ വചന ഭാഗങ്ങളെല്ലാം വ്യക്തമായി പഠിപ്പിക്കുന്നു. കേവലം ഒരു നല്ല മനുഷ്യൻ, മഹാഗുരു, സന്മാർഗി, ധർമ്മപ്രബോധകൻ, യഹോവ സാക്ഷികൾ വിശ്വസിക്കുന്നതുപോലെ കുട്ടി ദൈവം, എന്നിങ്ങനെ അവാസ്തവമായി ക്രിസ്തുവിനെ ചിത്രീകരിച്ചാൽ അത് തികച്ചും യുക്തിരഹിതവും വചനവിരുദ്ധവുമായ ശ്രമമാണ്. യേശുക്രിസ്തു യഥാർത്ഥത്തിൽ ദൈവമാണ്; ആരെങ്കിലും ഈ സത്യം തള്ളിക്കളഞ്ഞാൽ ക്രിസ്തുവിനെ ഒട്ടും മനസ്സിലാക്കിയിട്ടില്ല എന്നതാണ് വാസ്തവം. പിതാവായ ദൈവം തന്റെ പുത്രനായ, ദൈവമായ, യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്കയച്ചു. മനുഷ്യനു പിതാവായ ദൈവം വിധിച്ച മരണശിക്ഷ, ദൈവം മനുഷ്യനായിത്തീർന്ന യേശുക്രി സ്തു ഏറ്റെടുത്തുകൊണ്ട് പാപിയായ മനുഷ്യനു പകരമായി കാൽവറി ക്രൂശിൽ മരിച്ചു. ഈ ക്രിസ്തു മരണത്തെ ജയിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. ഈ യേശുക്രിസ്തു എന്റെ രക്ഷകനും കർത്താവുമാണ് എന്ന് ആര് വിശ്വസിച്ച് ഏറ്റുപറയുന്നുവോ അവർക്കു ദൈവം പാപക്ഷമ നൽകുന്നു; നിത്യജീവൻ നൽകുന്നു. "***പുത്രനുള്ളവനു ജീവൻ ഉണ്ട്; ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല***" (1 യോഹ. 5:12). ആരും ഈ മഹൽസത്യത്തെ തള്ളിക്കളഞ്ഞിട്ട് നാശത്തിലേക്ക്, നിത്യനരകത്തിലേക്ക് നിപതിക്കാതിരിക്കട്ടെ! ബൈബിൾ എന്തൊക്കെ ദൈവത്തെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ടോ അതെല്ലാം ക്രിസ്തുവിനോടുള്ള ബന്ധത്തിൽ വളരെ വാസ്തവമാണ്. സംശയലേശമെന്യേ മനസ്സിൽ സൂക്ഷിക്കേണ്ട വസ്തുത; ജീവൻ പോലും കൊടുത്ത് ഉറക്കെ പ്രഖ്യാപിക്കേണ്ട യാഥാർത്ഥ്യം; "യേശു ക്രിസ്തു സാക്ഷാൽ ദൈവം." മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മോടുകൂടെ! (കൊലൊ. 1:27; മത്തായി 1:22).

---

## സത്യം തിയോളജിക്കൽ സെമിനാരി ബിരുദദാന സമ്മേളനം

**തിരുവല്ല:** സത്യം തിയോളജിക്കൽ സെമിനാരിയുടെ ഏഴാമത് ബിരുദദാനസമ്മേളനം ഫെബ്രു. 26 ന് രാവിലെ 10 മണിക്ക് തിരുവല്ലാ കവിയൂരിലുള്ള സത്യനികേതൻ ഓഡിറ്റോറിയത്തിൽ നടന്നു. ഡോ. സി.വി. വടവനയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അക്കാഡമിക്ക് ഡീൻ ബ്രദർ തോമസ് മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. ബ്രദർ മുറേ മക്ക് ചെയ്നി ബിരുദദാനപ്രസംഗം നടത്തി. ബ്രദർ ജയിസ് കാമ്പെൽ ഗ്രാഡുവേറ്റ് ചെയ്ത വിദ്യാർത്ഥികൾക്ക് ബി.റ്റി.എച്ച്. സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. വിദ്യാർത്ഥികൾക്ക് ബ്രദർ ജിജോ അങ്കമാലി മിഷൻ ചലഞ്ചിലൂടെ ഗ്രാഡുവേറ്റ്സിന് ഉത്തേജനം നൽകി. ബ്രദർ ഏബ്രഹാം ചെമ്പോല സമ്മാനവിതരണം നടത്തി. ബ്രദർ മാത്യു പോൾ സമാപന സന്ദേശവും നൽകി.

പി.ഇ. സാംകുട്ടി, ബിജു മാത്യു, കെ.വി. ജോൺ, റ്റി.എം. ദാനീയേൽ, മാത്യുജോൺ, പി.ജെ. ആൻണി, എം.കെ. ജയിംസ്, സാബു മാത്യു,എം.കെ.ജോയൽ, ജോഷി ജോസഫ്, എം.കെ. സണ്ണി, ഇ.എസ്. റെജി എന്നിവർ വിവിധ ശുശ്രൂഷകളിൽ സഹകരിച്ചു.

ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഇപ്പോൾ ഇവിടെ അദ്ധ്യയനം നടത്തിക്കൊണ്ടിരിക്കുന്നു. ത്രിപുര, കർണാടക, തമിഴ്നാട്, മഹാരാഷ്ട്ര, ഒറീസ്സ, ആന്ധ്രാ, ഛത്തീസ്ഗഡ്, കേരളം എന്നീ സ്ഥലങ്ങളിൽ സത്യം തിയോളജിക്കൽ സെമിനാരിയിലെ പൂർവ്വ വിദ്യാർത്ഥികൾ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പുതിയ ബാച്ചിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിച്ചു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടവരും ദൈവവചനം പഠിക്കുവാൻ താത്പര്യമുള്ളവരുമായ യുവാക്കൾ അപേക്ഷിക്കുക. M :9447126182

---

## ➜1 കീർത്തനസന്ധ്യ

ജീവിതം അർത്ഥവത്താക്കുന്നതിനുള്ള ഹൃദ്യമായ വചനം ബ്രദർ ജോയി ജോണും ജോർജ്ജ് കോശിയും നൽകി.

മാത്യു ജോൺ, ഇമ്മാനുവേൽ ഹെൻറി, ജെയ്സൺ കൊട്ടാരക്കര, ശ്രുതി ആൻ ജോയി എന്നിവർ ബയോസിസ് മ്യൂസിക് ബാന്റിനുവേണ്ടി ഗാനങ്ങൾ ആലപിച്ചു. വ്യത്യസ്തത അവതരണത്തിലും പ്രകടമായി. പരമ്പരാഗത സമീപനം വിട്ട് ആധുനിക ലോകത്തിന് കൂടുതൽ ജ്ഞാനപൂർണമായ സമീപനം ക്രിസ്തുവിനോടും സുവിശേഷത്തോടും കാട്ടാൻ ഇടയായി. കൊള്ളാം, നന്നായി എന്ന് വിശ്വാസ സമൂഹവും മനസ്സുകൊണ്ട് സമ്മതിച്ചു. വൻതുക ചെലവിടേണ്ടി വന്നെങ്കിലും രക്ഷിക്കപ്പെടുന്ന ആത്മാക്കളുടെ മുന്നിൽ എല്ലാം നിസ്സാരം. മൈലപ്ര സഭയിലെ യുവാക്കളുടെ കഠിന അദ്ധ്വാനങ്ങൾ ചിലരുടെ നിത്യതയ്ക്ക് മുതൽക്കൂട്ടായി. സുവിശേഷ വയലുകളിൽ ലൈഫ് ഈൗസ് വണ്ടർഫുൾ ആവർത്തിക്കണം. ബ്രദർ കെ.എ. ഫിലിപ്പിന്റെ പ്രാർത്ഥനയോടെ സമാപിച്ചു. ബ്രദർ ജിബു ബേബി നന്ദി പ്രകാശിപ്പിച്ചു.

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM



*വൃത്തം മഞ്ജരി*

# ദിവ്യദർശനം

സാജൻ കുരവക്കൽ

ഞാൻ നിന്നെ കാണുന്നില്ലെങ്കിലും, നിൻദിവ്യ
സാന്നിദ്ധ്യമെപ്പോഴും ഞാനറിവൂ!
എൻ മനതാരിലനുദിനമാനന്ദം
ചിൻമയരൂപാ നീയെകിടുന്നു.
എന്നും പ്രഭാതത്തിൽ നിന്നെ നമിക്കുമ്പോൾ
ഉന്മേഷമുള്ളിൽ പകർന്നിടുന്നു.
പിന്നിടും പിന്നെയുള്ളോരോ നിമിഷവും
കൺമണിപോലെ കരുതിടുന്നു.
നിൻവഴി വിട്ടു ഞാൻ തെല്ലൊന്നകന്നിടിൽ
നിൻവടിയെന്നിൽ പതിച്ചിടുന്നു
രോഗത്തിലാപത്തിലാരുമില്ലാരാവിൽ
വേഗത്തിലാശ്വാസമേകിടുന്നു.
കുരിരുൾ പാതയിൽ ‘ജീവവെളിച്ച’മായ്
കൂടെ നീ കൂട്ടാളിയായ് വരുന്നു.
എൻ ബാഹ്യനേത്രത്താൽ ദൃശ്യമല്ലെങ്കിലും.
നിൻ ദിവ്യ സാന്നിദ്ധ്യം ഞാനറിവു
വേഗത്തിൽ മേഘത്തിൽ വന്നിടും നിന്നെ ഞാൻ
നേരിട്ടുകണ്ടിടും കൂടെ വാഴും.

## മാസയോഗം

കണ്ണൂർ സഭകളുടെ മാസയോഗം ഏപ്രിൽ 9 ന് ചെറുപുഴ സഭയുടെ സഹകരണത്തിൽ നടന്നു. ലിജോ വർഗീസ് പാലമറ്റവും കോശി ജോർജ്ജും വചനസന്ദേശം നൽകി.

## വൈ.എം.ഇ.എഫ് ക്യാമ്പ്

കണ്ണൂർ ജില്ലാ വൈ.എം.ഇ.എഫ് സുവിശേഷക്യാമ്പ് ഏപ്രിൽ 11,12 തീയതികളിൽ വെള്ളോറ സഭയുടെ സഹകരണത്തിൽ നടന്നു. സുവിശേഷകന്മാരും സുവിശേഷ തൽപരരായ സഹോദരന്മാരും പങ്കെടുത്തു.

## ബൈബിൾ ക്ലാസ്

കുടിയാന്മല സഭയുടെ വിശേഷാൽ ബൈബിൾ ക്ലാസ് മാർച്ച് 26,27 തീയതികളിൽ സഭാഹാളിൽ നടന്നു. ബ്രദർ ദാനിയേൽ വർഗീസ് പ്രായോഗീക ജീവിതം എന്ന വിഷയം അവതരിപ്പിച്ചു. ജോമോൻ തോമസ്

## ഇരുമാസയോഗം

കാസർകോട് സഭകളുടെ ഇരുമാസയോഗം ഏപ്രിൽ 9 ന് കാഞ്ഞങ്ങാട് സഭയുടെ ചുമതലയിൽ ആവിക്കര എൽ.പി. സ്കൂളിൽ നടന്നു. സാബു മൈക്കിൾ, ആർ.പി.ഷാജു എന്നിവർ വചനം ശുശ്രൂഷിച്ചു. സഹോദരൻ ഫിന്നി വർഗീസ് സ്ഥലത്ത് പ്രവർത്തിക്കുന്നു. പൊതുകൂടിവരവുകൾ നടക്കുവാൻ വാടകഭവനത്തിന്റെ പരിമിതികൾ അനുവദിക്കുന്നില്ല. സ്ഥലത്ത് സഭാഹാൾ അടിയന്തിര ആവശ്യമായിരിക്കുന്നു. പ്രാർത്ഥിച്ചാലും.

## സെന്റർ ക്യാമ്പ്

എസ്.ബി.എസ് കാസർകോട് സെന്റർ ക്യാമ്പ് ഏപ്രിൽ 12 മുതൽ 14 വരെ കിണർമുക്ക് സഭാഹാളിൽ നടന്നു. ജോൺസൻ കുളങ്ങര, കെ. വി. ജോൺ, സാജൻ കുരവയ്ക്കൽ, സിജോ വർഗീസ്, ഗോഡ്സൺ വാലായിൽ എന്നിവർ പ്രധാന ശുശ്രൂഷകരായിരുന്നു. പരിശുദ്ധാത്മാവും പ്രവർത്തനപദ്ധതികളും എന്നതായിരുന്നു പഠനവിഷയം. നിരവധി കുഞ്ഞുങ്ങളും മാതാപിതാക്കളും ശുശ്രൂഷകരും ക്യാമ്പിൽ പങ്കെടുത്തു.

## ചിറ്റിക്കോണം കൺവൻഷൻ

ചിറ്റിക്കോണം സഭയുടെ കൺവൻഷൻ ഏപ്രിൽ 15,16,17 തീയതികളിൽ നടന്നു. സഹോദരന്മാരായ രാജേഷ് കട്ടമലയും റ്റി.പി. കനകരാജും പ്രസംഗിച്ചു.

## മഞ്ഞാറമൂല

മഞ്ഞാറമൂല കൺവൻഷൻ ഏപ്രിൽ 29 മുതൽ മെയ് 1 വരെ നടക്കും. വട്ടവിള ബ്രദറൺ അസംബ്ലിയുടെയും വൈ.എം.ഇ.എഫ് തിരുവനന്തപുരം യൂണിന്റെയും സഹകരണത്തിലാണ് യോഗങ്ങൾ. എ. വിജയദാസ്, വി.കെ. ജോയികുമാർ, എൻ.എം. ശശി എന്നിവർ പ്രസംഗിക്കും.

## മഞ്ചവിളാകം

മഞ്ചവിളാകം സഭയുടെ കൺവൻഷൻ ഏപ്രിൽ 14 മുതൽ 17 വരെ നടന്നു. ബ്രദർ സാം സഖറിയ സന്ദേശം നൽകി.

## ബൈബിൾ ക്ലാസ്

കോട്ടയം സഭാഹാളിൽ എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 5 ന് നടന്നുവരുന്ന ബൈബിൾ ക്ലാസിൽ ഏപ്രിൽ മാസത്തിൽ ബ്രദർ വർഗീസ് തോമസ് ക്രിസ്തീയ മുൻഗണന എന്ന വിഷയം ക്ലാസെടുക്കുന്നു.

## പ്രാർത്ഥനക്ക്

സുവി. റ്റിജുമോൻ ചാക്കോയുടെ പിതാവ് സ്ടോക്കിനെതുടർന്ന് ചികിത്സിൽ. പ്രത്യേകം പ്രാർത്ഥന ക്ഷണിക്കുന്നു.

## ബൈബിൾ ക്ലാസ്

തൃക്കെക്കൂത്ത് സഭയുടെ ബൈബിൾ ക്ലാസ് ഏപ്രിൽ 22,23 തീയതികളിൽ സഭാഹാളിൽ നടക്കും. സഹോ. ബിനു മാത്യു ക്ലാസെടുക്കും

## മാസയോഗം

മലപ്പുറം: സഭകളുടെ മാസയോഗം ഏപ്രിൽ 16 ന് നിലമ്പൂർ സഭയുടെ സഹകരണത്തിൽ നടന്നു. സാംസൺ മാത്യുവും പി.കെ. അഭിലാഷും സന്ദേശം നൽകി.

## യുവസംഗമം

ഏപ്രിൽ 25 രാവിലെ 10 മുതൽ 4 വരെ പള്ളിക്കുത്ത് സഭയിൽ യുവജനസംഗമം നടക്കും. ബ്രദർ റജി കെ. തോമസ് ക്ലാസെടുക്കും.

## ബൈബിൾ ക്യാമ്പ്

മലപ്പുറം യൂണിറ്റ് വൈ.എം.ഇ. എഫ് പാലുണ്ടയിൽ ഏപ്രിൽ 7, 8 തീയതികളിൽ ബൈബിൾ ക്യാമ്പ് നടത്തി. നൂറോളം സഹോദരന്മാർ പങ്കെടുത്തു. പി.വി. ജയിംസ്, വി. ജെ. മാത്യു എന്നിവർ സന്ദേശം നൽകി.

## ബയോസിസ് റ്റാൽമിഡ് ഹൗസ്

**കോയമ്പത്തൂർ:** വിവിധ സ്ഥലങ്ങളിൽ നിന്ന് ഉപരിപഠനത്തിനായി കോയമ്പത്തൂരിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് ആത്മീക വളർച്ചയ്ക്കും ആത്മീക പരിശീലനം ലഭിക്കുന്നതിനുമായി ആരംഭിച്ച ബയോസിസ് റ്റാൽമിഡ് ഹൗസ് കഴിഞ്ഞ രണ്ട് വർഷമായി അനുഗ്രഹമായി തുടരുന്നു. വേദശാസ്ത്രപഠനങ്ങൾ, ശിഷ്യത്വ പരിശീലനം, വ്യക്തിത്വ വികസനം, സംഗീതാഭ്യസനം തുടങ്ങിയ പ്രവർത്തനങ്ങൾക്കൊപ്പം വിവിധ ആത്മീയ ശുശ്രൂഷകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും ചെയ്യുന്നു.
ആത്മീയ കാഴ്ചപ്പാടിൽ ഉപരിപഠനം ചെയ്യുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഈ അവസരം വിനിയോഗിക്കുക. അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഈ ശുശ്രൂഷയെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.
കൂടുതൽ വിവരങ്ങൾക്ക്
+917358323263, 64/65

## സുവിശേഷയോഗം

മല്ലപ്പള്ളി: നോർത്ത് ബ്രദറൺ സഭാ ഹാളിൽ (മങ്കുഴിപ്പടിക്ക് സമീപം) ഏപ്രിൽ 23,24 തീയതികളിൽ സുവിശേഷയോഗം നടക്കും. കർത്തൃദാസൻ ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം) വചനം പ്രസംഗിക്കും. കോട്ടയം ഗ്രെയ്സ് വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ജോർജ്ജ് ഏബ്രഹാം, ഫിലിപ്പ് തോമസ്, കെ. ജെ. ദാനീയേൽ, സുവി. ജെ.സി. ദേവ് (9961700465).

## സോദരീ സമാജം ക്യാമ്പ്

**റാന്നി:** പ്രാദേശിക ബ്രദറൺ സഭകളിലെ സോദരീസമാജത്തിന്റെ ചുമതലയിൽ ഏപ്രിൽ 12 ചൊവ്വ മുതൽ 15 വെള്ളി വരെ ബ്രദറൺ ഓഡിറ്റോറിയത്തിൽ സോദരീ സമാജം ക്യാമ്പ് നടന്നു. ഡോ. ടിങ്കിൾ പോൾ, ഡോ. ഷേർളി പണിക്കർ, സഹോദരി ലൈലാ സ്കറിയ, മറിയാമ്മ അലക്സാണ്ടർ എന്നിവർ ക്ലാസുകൾ എടുത്തു. യഹോവയെ മറക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾക (ആവർത്തനം 6:2) എന്നതായിരുന്നു ചിന്താവിഷയം. ബ്രദർ വർഗീസ് തോമസ് ക്യാമ്പ് കൺവീനറായി പ്രവർത്തിച്ചു. നിരവധി സഹോദരിമാർ ക്യാമ്പിൽ പങ്കെടുത്തു.
ഫേബാ ജയിക്കബ് (സെക്രട്ടറി)

## റ്റി.എം.എം മന്ദമരുതി ഹോസ്പിറ്റൽ പുതിയ ഡോക്ടർമാർ ചാർജ്ജെടുത്തു.

**മന്ദമരുതി:** ആതുരസേവനരംഗത്ത് സുത്യർഹമായ സേവനവുമായി അഞ്ചുപതിറ്റാണ്ട് പിന്നിട്ട മന്ദമരുതി ആശുപത്രിയിൽ പുതിയ മൂന്ന് ഡോക്ടർമാർകൂടി ചാർജ്ജെടുത്തു. ഡോ.ബിജു ജോയി, വെല്ലൂരിൽ നിന്നും ഡോ. അലക്സാണ്ടർ തോമസ്, ഡോ. റിബേക്കാ അലക്സാണ്ടർ എന്നിവരും വിദഗ്ദ ചികിത്സാ സഹായം നൽകും.
24 മണിക്കൂർ അത്യാഹിതവിഭാഗവും ഒ.പി, ഐ.പി, ലാബ്, ഇ.സി.ജി, എക്സ് റേ, ഫാർമസി, ആംബുലൻസ് സൗകര്യവും ലഭ്യമാണ്. തിരുവല്ല മെഡിക്കൽ മിഷനിൽ നിന്നുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും രോഗികളെ പരിശോധിക്കും. ആശുപത്രി ടെലഫോൺ നമ്പറുകൾ 04735 262626, 262285

## സുവിശേഷയോഗവും വി.ബി.എസും.

വെളിയംകോട്: നമ്മുടെ കർത്താവിന്റെ കൃപയാൽ വെളിയംകോട് ബ്രദറൺ സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുന്നു. ഏപ്രിൽ 25 മുതൽ 29 വരെ വി. ബി. എസും മെയ് 20 മുതൽ 22 വരെ സുവിശേഷയോഗവും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സുവി. ദാനിയേൽ വർഗീസ് വചനശുശ്രൂഷ നിർവ്വഹിക്കും. ഗാനശുശ്രുഷ തിരുമല ബ്രദറൺ സഭ സണ്ടേസ്കൂൾ കുട്ടികൾ നിർവ്വഹിക്കും. അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും. സി. സത്യദാസ്

## ബൈബിൾ പ്രഭാഷണവും സംഗീതവിരുന്നും

**ഇടുക്കി:** റാണിമുടി ബ്രദറൺ ചർച്ചിന്റെ നേതൃത്വത്തിലും പ്രെഷ്യസ് മിനിസ്ട്രി കല്ലിശ്ശേരിയുടെ സഹകരണത്തിലും പാമ്പനാർ 55–ാം മൈലിന് സമീപം സുവിശേഷ പ്രഭാഷണവും സംഗീതവിരുന്നും മാർച്ച് 1,2 തീയതികളിൽ നടന്നു. സുവി. എം.വി. ബാബു, ഷാജഹാൻ വി. ഹസൻ എന്നിവർ വചനം പ്രസംഗിച്ചു. സുവി. സജു ജോൺ കാലേബ്.

## ഷെപ്പേഡ്സ് ട്രയിനിങ്ങ് & കൗൺസലിങ്ങ് സെമിനാർ 2016

**അൽവർ:** നവംബർ 1–5 വരെ അൽവർ നോർത്ത് കേരള ബൈബിൾ ഇൻസ്റ്റിട്യൂട്ടിന്റെ നേതൃത്വത്തിൽ ഷെപ്പേഡ്സ് ട്രയിനിങ്ങ് & കൗൺസലിങ്ങ് സെമിനാർ നടക്കും. ഡോ. അലക്സാണ്ടർ കുര്യൻ, ഡോ. സൈലസ് നായർ, ബ്രദർ ജോൺ കുര്യൻ എന്നിവർ “ആത്മീയ നേതൃത്വം” എന്ന വിഷയത്തെ കേന്ദ്രീകരിച്ച് ഇംഗ്ലീഷ് മാദ്ധ്യമത്തിൽ ക്ലാസ്സുകൾ എടുക്കും.

## മലപ്പുറം വൈ.എം.ഇ.എഫിന് പുതിയ ഭാരവാഹികൾ

**മലപ്പുറം:** വൈ.എം.ഇ.എഫ്. മല്ലപ്പുറം പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി സുവി. ജോൺ സാമുവേൽ എടക്കര, സെക്രട്ടറിയായി സുവി.എ.പി. സന്തോഷ് പരപ്പനങ്ങാടി, ട്രഷറാറായി ബ്രദർ ഒ.എ. ജയിംസ് പള്ളിക്കുത്ത് എന്നിവരെ തിരഞ്ഞെടുക്കപ്പെട്ടു. സഭാ രൂപീകരണം ലക്ഷ്യമാക്കി പോത്തുകൽ എന്ന സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചു. ആഴ്ചയിൽ തിങ്കളും ചൊവ്വായും തുടർമാനമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2016 ഏപ്രിൽ 7,8 തീയതികളിൽ വൈ.എം.ഇ.എഫ്. മലപ്പുറം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാലുണ്ട ബ്രദറൺ അസംബ്ലിയുടെ നേതൃത്വത്തിൽ അസംബ്ലി ഹാളിൽ ബൈബിൾ ക്ലാസ് നടക്കും. കർത്തൃദാസന്മാരായ പി.വി. ജയിംസ് വാളകം, വി.ജെ. മാത്യു മരുത എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകും. സുവി.എ.പി. സന്തോഷ് (സെക്രട്ടറി) 9605019794.

## ➡1 ബ്രദറൺകാർ ദുരുപദേശക്കൂട്ടമോ?

ബി.ജി.എഫ് പ്രവർത്തകരും സുവിശേഷകന്മാരും ശുശ്രൂഷകന്മാരും ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. പരിപാടി www.exod ustv.com സംപ്രേഷണം ചെയ്യും.

തോംസൺ ബി തോംസൺ മണ്ണടിക്കോണം സഭയിൽനടത്തിയ കൃപാവരങ്ങൾ എന്ന പഠനത്തിന്റെ 7 മണിക്കൂർ ദൈർഘ്യമുള്ള3 വീഡിയോ സിഡി സമ്മേളനത്തിൽ ലഭിക്കും. വില 100 രൂപ. Y.C.Das, 9400499535, പ്രാർത്ഥിക്കുക, പങ്കെടുക്കുക. ബി.ജി.എഫ് റാന്നി

**Statement about ownership and other particulars about Christheeya Darsanam monthly**

1 Place of Publication : Vadasserikkara. Raju K. Thomas
Kalloth River View, Vadasserikkara P. O., Pathanamthitta, Kerala, India.
2 Periodicity : Monthly
3 Printers Name : Raju K. Thomas
Nationality : Indian
Address : Kalloth River View, Vadasserikkara, P.O. Pathanamthitta, Kerala, India.
4 Publisher’s Name
Nationality & Address : As above
5 Editor’s Name : Varghese Thomas,
Nationality : Indian,
Address: Varghese Thomas, Thengumthottathil, Pazhavangadi, P. O., Ranni- 689673, Pathanamthitta, Kerala, India.
6.Owner’s Name : Raju K. Thomas
Nationality : Indian
Address : Kalloth River View, Vadasserikara, P. O. Pathanamthitta, Kerala, India.

I, Raju K. Thomas hereby declare that the particulars given above are true to the best of my knowledge and belief.
Vadasserikkara
20/04/2016

**CHRISTHEEYA DARSANAM,**
KALLOTH RIVER VIEW,
VADASHERIKKARA P.O., PATHANAMTHITTA DIST.
KERALA-689 662 email: **darsanam@outlook.com**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ഒറ്റ പ്രതി: ₹10
Reg. No. **KERBIL/2008/26466**
Licence No. **KLPTA/89/2014-2016**
**Published on 20th April 2016**
Posted on **22nd April 2016 at RMS Thiruvalla**

# ബി.ജി.എഫ്.: മദ്യത്തിനും മയക്കുമരുന്നിനും എതിരേ ബോധവൽക്കരണ പ്രഭാഷണങ്ങൾ



**റാന്നി:** ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പ് കാഞ്ഞിരപ്പള്ളി താലൂക്കിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരേ ബോധവൽക്കരണ പ്രഭാഷണങ്ങൾ നടത്തി. മാർച്ച് 23 ബുധൻ രാവിലെ 8.30 മുതൽ വൈകുന്നേരം 7 വരെ 13 സ്ഥലങ്ങളിൽ സന്ദേശങ്ങൾ നൽകി.

എരുമേലിയിൽ ആരംഭം കുറിച്ച യാത്രാപരിപാടി ബ്രദർ സി.റ്റി.ജോണിക്കുട്ടി ഉദ്ഘാടനം ചെയ്തു. സുവിശേഷകരായ പി.പി. ജേക്കബ്, ജോർജ്ജ് സി. ജേക്കബ്, കെ.വി. മാത്യു, പി.കെ. തോമസ്, കെ.എം. ബേബി, റ്റി.വി. മാത്യു, രാജു ഈറ്റത്തോട്, പി.എം. രാജൻ, പി.എസ്.ഏബ്രഹാം, വർഗീസ് തോമസ്, ജോമോൻ തോമസ്, ബോബിതോമസ്, പി.എം. തോമസ്, ബേബി ജോസഫ് എന്നിവർ വിവിധ സ്ഥലങ്ങളിൽ സന്ദേശങ്ങൾ നൽകി. സി. എം. തോമസ് കോർഡിനേറ്ററായിരുന്നു.

ബ്രദർ കോശി പി. തോമസ് രചിച്ച മദ്യം ഒരു സാമൂഹ്യവിപത്ത് എന്ന ഗ്രന്ഥം സൗജന്യമായി വിതരണം ചെയ്തു. ഷൈജു ചണ്ണപ്പേട്ടയും സാബു കൂവപ്പള്ളിയും ഗാനശുശ്രൂഷ നിർവ്വഹിച്ചു. മിക്കയിടങ്ങളിലും വലിയ കൂട്ടം ആളുകൾ വചനം ശ്രവിച്ചു. 35 ൽപരം സഹോദരന്മാർ ഏകദിന പ്രവർത്തനങ്ങളിൽ സഹകരിച്ചു.

## ക്രിസ്തീയ ലൈബ്രറിക്ക് ഗ്രന്ഥങ്ങൾ സമ്മാനിക്കുക

പുതുതായി ഉദ്ഘാടനം ചെയ്യുന്ന ക്രിസ്തീയ ഗ്രന്ഥശാലയ്ക്ക് മലയാളം, ഇംഗ്ലീഷ് പുസ്തകങ്ങൾ ആവശ്യമുണ്ട്. വായിച്ചു കഴിഞ്ഞതും ഉപയോഗമില്ലാത്തതും ഒന്നിൽ കൂടുതൽ ഉള്ളതും ദയവായി അയച്ചാലും. ഗ്രന്ഥങ്ങൾ നൽകുവാൻ താൽപര്യമുള്ളവർ അറിയിച്ചാൽ ശേഖരിക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

Christian Library
P.o. Box No.3
Erumely - 686509,
Tel 9447601955
Email: santhidooth@gmail.com

# ശാന്തിനിലയം ഉദ്ഘാടനം ചെയ്തു



**കടമ്മനിട്ട:** ക്രിസ്ത്യൻ മെഡിക്കൽ സർവ്വീസ് സൊസൈറ്റിയുടെയും ഏഷ്യൻ ക്രിസ്ത്യൻ അക്കാഡമിയുടെയും സംയുക്ത സംരംഭമായ ശാന്തിനിലയം വൃദ്ധസദനം കടമ്മനിട്ടയിൽ ഉദ്ഘാടനം ചെയ്തു.

2016 ഫെബ്രുവരി 27 വൈകുന്നേരം 4 ന് നടന്ന ഉദ്ഘാടനസമ്മേളനത്തിൽ ബ്രദർ ജോർജ്ജ് കോശി അദ്ധ്യക്ഷത വഹിച്ചു. ശാന്തിനിലയം മേട്രൺ ഡോ. ജോൺ മാത്യൂസ് യു.എസ്.എ സ്ഥാപനം ഉദ്ഘാടനം ചെയ്തു. തന്റെയും ഇപ്പോൾ നിത്യതയിലായിരിക്കുന്ന മാതാവ് സാറാമ്മ മാത്യൂസിന്റെയും ഭൂസ്വത്തുക്കൾ ജനോപകാരപ്രദമായ നിലയിൽ ഉപയോഗപ്പെടുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും തുടർപ്രവർത്തനത്തിന് മുന്നിട്ടിറങ്ങിയ ഏഷ്യൻ ക്രിസ്ത്യൻ അക്കാഡമിയോടും റീജണൽ ഡയറക്ടർ ബ്രദർ ജോസ് മാത്യുവിനോടും ഏറെ കടപ്പാടുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു.

സ്ഥാപനത്തോടുചേർന്ന് ഉടൻ ആരംഭിക്കുന്ന ക്ലിനിക്ക്, നവീകരിക്കപ്പെട്ട ഓഡിറ്റോറിയം, കോൺഫറൻസ് ഹാൾ, ക്യാമ്പ് സെന്റർ, കൺവൻഷൻ ഗ്രൗണ്ട് ഇവ സുവിശേഷപ്രവർത്തനങ്ങൾക്ക് ഏറെ ഗുണകരമാകുമെന്ന് എസിഎ പ്രസിഡന്റ് ഡോ. ജോയ് എം. ജോർജ്ജ് പ്രസ്താവിച്ചു. ബ്രദർ ചാൾസ് ജോൺ സന്ദേശം നൽകി.

ഹാപ്പി മെലഡി ഗാനശുശ്രൂഷ നിർവ്വഹിച്ചു. സഹോദരന്മാരായ ജോൺ തയ്യിൽ, പി.എം. മാത്തുക്കുട്ടി, ജോജോ മാത്യു, ജോർജ്ജ് സി. വർഗീസ് എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

മുതിർന്ന പൗരന്മാർക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ഈ മഹത്സംരംഭം പ്രയോജനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക, പ്രാർത്ഥിക്കുക. 9745390226, 04682322971

# സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫ്രൻസ്






**ഡാളസ്:** അടുത്ത സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫ്രൻസ് ടെക്സസിലെ മോക്കിങ്ങ് ബേർഡ് ലയിൻ ലൗഫീൽഡ് ഇൻ സ്യൂട്ട്സിൽ നടക്കും.ജൂൺ 9-12 വരെ നടക്കുന്ന കോൺഫ്രൻ സിൽ 'ധൈര്യമുള്ള ശിഷ്യന്മാരായി ജീവിക്കുക' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസുകളും പ്രഭാഷണങ്ങളും നടക്കും. മൈക്ക് അറ്റ് വുഡ്, സജീവ് വർഗീസ്, ആൽബർട്ട് സുനിൽ, ക്രിസ്ത്യൻ റാമിറെസ് എന്നിവർ വിവിധ സെഷനുകളിൽ വചനം പങ്കുവെയ്ക്കും. സാറായും ഗ്രേയ്സും ചേർന്നു നടത്തുന്ന 'ബ്രൈറ്റ് ലൈറ്റ്സ്' ഈ വർഷത്തെ പ്രത്യേക പ്രോഗ്രാം ആയിരിക്കും. പി.റ്റി. ഫിലിപ്പ് , ജെറി മോടിയിൽ, പൈലി വർഗീസ്, ബേബി മാത്യു എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി കോൺഫ്രൻസിന് നേതൃത്വം നൽകും.

**കൂടുതൽ വിവരങ്ങൾക്ക്**
**www.brethrenconfe rence.org**

## വാർഷിക സമ്മേളനം

**കരിയംപ്ലാവ്:** നോയൽ മെമ്മോറിയൽ എൽ.പി. സ്കൂളിന്റെ വാർഷികാഘോഷം മാർച്ച് 31 രാവിലെ 10 ന് വിവിധ പരിപാടികളോടെ നടന്നു. ബ്രദർ തോമസ് കെ. മാത്യു അദ്ധ്യക്ഷനായിരുന്നു. എസ്.ബി. എസ് എഡ്യൂക്കേഷൻ സെക്രട്ടറി ബ്രദർ രാജു കെ.തോമസ് ആഘോഷപരിപാടികളും പുതുതായി നിർമ്മിച്ച ഓപ്പൺ സ്റ്റേജും ഉദ്ഘാടനം ചെയ്തു. കയ്യെഴുത്തു മാസികയുടെ പ്രകാശനം തോമസ് കെ. ഏബ്രഹാം നിർവ്വഹിച്ചു. കണ്ടൻപേരൂർ സഭാ എൽഡർ മോൻസൻ ഏബ്രഹാം അനുഗ്രഹപ്രഭാഷണം നടത്തി.

വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അവതരിപ്പിക്കപ്പെട്ടു. രാഷ്ട്രീയ,സാമൂഹ്യ തലങ്ങളിലെ ഉന്നതർ ആശംസകൾ അർപ്പിച്ചു. അനിതാ മാത്യൂസ് സ്വാഗതവും സൂസമ്മ വർഗീസ് കൃതജ്ഞതയും പ്രകാശിപ്പിച്ചു. രക്ഷകർത്താക്കളും വിദ്യാർത്ഥികളും അടങ്ങിയ വലിയ സദസ്സ് ആഘോഷപരിപാടികൾക്ക് സാക്ഷ്യം വഹിച്ചു.

# കൃപാവരങ്ങൾ: വി.സി.ഡി. പ്രകാശനം ചെയ്തു.



കൃപാവരങ്ങൾ: ബ്രദർ തോംസൺ ബി. തോമസിന്റെ കൃപാവരങ്ങൾ എന്ന പഠനം അടിസ്ഥാനമാക്കി തയ്യാറാക്കിയ വി.സി.ഡി. ബ്രദർ സി.റ്റി. ജോണിക്കുട്ടി ബ്രദർ ശ്രീധരപ്പണിക്കർക്ക് നൽകി പ്രകാശനം ചെയ്യുന്നു. സുവി. വൈ.സി. ദാസും സഭാംഗങ്ങളും സമീപം

**മണ്ണടിക്കോണം (തിരുവനന്തപുരം):** സഹോ. തോംസൺ ബി. തോമസ് മണ്ണടിക്കോണം സഭയിൽ പഠിപ്പിച്ച കൃപാവരങ്ങൾ എന്ന വിഷയത്തിന്റെ ഏഴുമണിക്കൂർ ദൈർഘ്യമുള്ള മൂന്ന് വീഡിയോ സിഡികൾ ഏപ്രിൽ 9 ന് പ്രകാശനം ചെയ്തു. ബ്രദർ ശ്രീധരപ്പണിക്കരുടെ ഭവനാങ്കണത്തിൽ നടന്ന സഭയുടെ സുവിശേഷയോഗങ്ങളോടനുബന്ധിച്ചാണ് സിഡി. പ്രകാശനം ചെയ്തത്. ആദ്യ കോപ്പി ബ്രദർ ശ്രീധരപ്പണിക്കർ ഏറ്റുവാങ്ങി. സുവി. സി.റ്റി. ജോണിക്കുട്ടി പ്രകാശനം നിർവ്വഹിച്ചു. ഏപ്രിൽ 8,9,10 തീയതികളിൽ നടന്ന സുവിശേഷയോഗങ്ങളിൽ കെ.സി. ജപസിംഗും സി. റ്റി. ജോണിക്കുട്ടിയും വചനം ശുശ്രൂഷിച്ചു. രണ്ടു സഹോദരിമാരുടെ സ്നാനവും നടന്നു. സഭയെയും സുവി. വൈ.സി.ദാസിനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർത്താലും.

**സി. ഡി.കൾ ആവശ്യമുള്ളവർ 100 രൂപാ അയച്ച് ബന്ധപ്പെടുക**
**Brethren Assembly, Oorutabalabe P.O., Tvm -685507**
**Tel 9400499532, 9744859632**

## കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു



**പെരുമ്പാവൂർ:** കുറുപ്പംപടി മറ്റപ്പാടത്ത് റിട്ട. വില്ലേജ് ഓഫീസറും കുറുപ്പംപടി ബ്രദറൺ സഭാംഗവുമായ എം. കുഞ്ഞൂഞ്ഞ് (80) കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. മാർച്ച് 28 തിങ്കൾ രാവിലെ 9 ന് കുറുപ്പുംപടി ബ്രദറൺ സഭാഹാളിൽ നടന്ന ശുശ്രൂഷകർക്കുശേഷം 1.30 സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കെ.വി. ഐസക് വി.പി. പൗലോസ് എന്നിവർ ആശ്വാസദൂത് നൽകി. ഒട്ടേറെദൈവമക്കളും സ്നേഹിതരും പങ്കെടുത്തു. ഔദ്യോഗിക രംഗത്ത് സാക്ഷ്യത്തോടെ പ്രവർത്തിച്ച സഹോദരനെ സഹപ്രവർത്തകർ ആദരപൂർവ്വം അനുസ്മരിച്ചു.

ഭാര്യ പ്രിസ്കില്ല (റിട്ട.എച്ച്.എം. ഗവ.യു.പി.എസ് കൊമ്പനാട്) അങ്കമാലി മേനാച്ചേരിൽ കുടുംബാംഗമാണ്. മക്കൾ: ആലീസ് (എച്ച്.എം., എൻ.എം.യു.പി.എസ് മന്ദമരുതി, റാന്നി) ആനിമോൾ (എൻ.എം.എച്ച്.എസ്. കുമ്പനാട്) മാത്യൂസ് (സൗദി),മിനി (ബഹറിൻ), വിനോജ് (ബഹറിൻ). മരുമക്കൾ: ഷാജി തോമസ്, മംഗലത്ത് (റബ്ബർ ബോർഡ്, റാന്നി). സജി പി. വർഗീസ് (എഴുമറ്റൂർ പഞ്ചായത്ത്), ഗ്രേസ് (അങ്കമാലി), റിജോയ്സ് (ബഹറിൻ)

PRINTED,PUBLISHED & OWNED BY RAJU K. THOMAS AND PRINTED AT COCHIN PRINTEC, ERNAKULAM KERALA . AND PUBLISHED FROM RAJU K. THOMAS, KALLOTH RIVER VIEW, VADASHERIKKARA P.O., PATHANAMTHITTA DIST. KERALA-689 662. EDITOR: VARGHESE THOMAS